യു.എസ്. ട്രിബ്യൂൺ

US TRIBUNE

A LEADING INDO-ASIAN NEWS PAPER

Edifying, Defining And Inspiring Ordinary Individuals to Become Extraordinary Ones

log on for our online issue : www.ustribuneonline.org

VOL. No.2 ISSUE No. 13

SUBSCRIPTION $ 50 YEARLY

US EDITION 2015 SEPTEMBER

LEADING [INSIDE] STORIES

PAGE 3

മിഷനറി ജീവിതം

ഹെൻട്രി മാർട്ടിൻ

PAGE 5

കൗൺസിലിംഗ് കോർണർ

പിൻതുടരുന്നവർ

PAGE 6

ദാമ്പത്യം മധുരതരം

കേരളത്തിൽ മതതേരത്വം തകരാൻ സാദ്ധ്യത 2016 തെരഞ്ഞെടുപ്പ് നിർണ്ണായകം

സ്വന്തംലേഖകൻ

▲ വർഗ്ഗീയത വളരും ▲ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ സ്പർദ്ദ വർദ്ധിക്കാൻ സാധ്യത ▲ പരസ്യ സുവിശേഷം തടയും

ആർ.എസ്. എസ്, സംഘപരിവാർ, മുസ്ലീം സംഘടനകൾ വർഗ്ഗീയതയ്ക്ക് ചുക്കാൻ പിടിക്കും

തിരുവനന്തപുരം: കേരളത്തിൽ മതേതരത്വം തകർക്കുവാൻ അണിയറ നീക്കം ആരംഭിച്ചു കഴിഞ്ഞു. 2016 ലെ തെരഞ്ഞെടുപ്പു മുന്നിൽ കണ്ടുകൊണ്ട് വർഗ്ഗീയ കക്ഷികൾ മതസ്പർദ്ദ ഉണ്ടാക്കിയെടുക്കുവാൻ വ്യാപകമായ ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കേരളത്തിൽ ബിജെപി സ്ഥാനാർത്ഥികളെ വിജയിപ്പിക്കുവാൻ ഉത്തരേന്ത്യയിൽ ആർ എസ് എസ്, സംഘ പരിവാർ, വിശ്വ ഹിന്ദു പരിഷത്ത് തുടങ്ങിയവയുടെ സംഘടനാ നേതാക്കൾ കേരളത്തിലെ മലയോര ഗ്രാമങ്ങളിലും ആദിവാസി മേഖലകളിലും സ്ഥാനം ഉറപ്പിച്ചു കഴിഞ്ഞു.

സിപിഎം ന്റെ അണികളിൽ ഭൂരിഭാഗവും ഈഴവ സമുദായത്തിൽപ്പെട്ടവരായിരുന്നു. അരുവിക്കര തെരഞ്ഞെടുപ്പോടുകൂടി ഈഴവ വോട്ടുകൾ വിഘടിക്കുകയും നല്ലൊരു ശതമാനം വോട്ടുകൾ ബി.ജെ.പി.ക്കു ലഭിക്കുകയും ചെയ്തു. കോൺഗ്രസിന്റെ വോട്ടുകളും ഭിന്നിക്കപ്പെട്ടു സംസ്ഥാന ബി.ജെ.പിയുടെ അധ്യക്ഷൻ അടുത്തസമയത്തു നടത്തിയ പ്രസാതവന ഇങ്ങനെയാണ്. ക്രൈസ്തവ മുസ്ലീം വോട്ടുകൾ ലക്ഷ്യമിടാതെ ഹൈന്ദ

പേജ് 3 ൽ തുടർച്ച

കേരളത്തിൽ ആത്മീയ വ്യവസായം വർദ്ധിക്കുന്നു

സ്വന്തംലേഖകൻ

തിരുവനന്തപുരം: കേരളത്തിൽ ആത്മീയ വ്യവസായം വർദ്ധിക്കുന്നതായി ട്രിബ്യൂൺ ഗാലപ്പോൾ നടത്തിയ സർവ്വേയിൽ വ്യക്തമായി. കേരളത്തിലെ എപ്പിസ്കോപ്പൽ കത്തോലിക്കാ പ്രൊട്ടസ്റ്റന്റ്, സഭകളിലെ നിന്ന് വഴിമാറി കരിസ്മാറ്റിക് ധ്യാനങ്ങളുടെ പേരിൽ വ്യക്തികളിൽ അധിഷ്ഠിതമായ ഗ്രൂപ്പുകൾ കൂണുപോലെ മുളയ്ക്കുകയും അതിലൂടെ നിരവധി വിശ്വാസികളെ സാമ്പത്തികമായി ചൂഷണം ചെയ്തു വരുന്നതായി കണ്ടെത്തി. സ്വയം പ്രഖ്യാപിത വിശ്വാസികളോ പള്ളികളോ ഇല്ലാത്ത ബിഷപ്പുമാരും ബ്രദറുമാരും പാസ്റ്റർമാരും മറ്റു കരിസ്മാറ്റിക് ധ്യാനക്കാരും വിവിധ പട്ടണങ്ങളിൽ വ്യാപകമായി വിശ്വാസികളെ കൂട്ടുന്നതിനുവേണ്ടി വേതനം നൽകി എക്സിക്യൂട്ടിവുകളെ നിയമിച്ചിട്ടുണ്ട്. പ്രൊട്ടസ്റ്റന്റ് സഭകളിൽ നിന്നു വഴിമാറിയ

പേജ് 3 ൽ തുടർച്ച

യുദ്ധമുനമ്പിൽ ദക്ഷിണകൊറിയയും ഉത്തരകൊറിയയും

പ്രവാസികൾ ഇന്ത്യയിലേക്ക് മടങ്ങുന്നു

സ്വന്തംലേഖകൻ

ന്യൂയോർക്ക്: പ്രവാസി ഇന്ത്യാക്കാർ വ്യാപകമായ രീതിയിൽ ഇന്ത്യയിലേക്ക് മടങ്ങുന്നു. ഗൾഫ് മേഖലകളിലെ ആഭ്യന്തര പ്രശ്നങ്ങളും, യൂറോപ്പിൽ നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യവും അമേരിക്കയിൽ പ്രവാസി ഇന്ത്യാക്കാർക്കുള്ള തൊഴിൽ അസ്ഥിരതയുമാണ് പ്രവാസികൾ ഇന്ത്യയിലേക്ക് ചേക്കേറുന്നതിന് കാരണം. ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള മോദി ഗവൺമെന്റ് പ്രവാസി ഇന്ത്യാക്കാർക്കുവേണ്ടി വാണിജ്യ വ്യവസായ മേഖലയിലേക്കുള്ള തുറന്ന സമീപനം സ്വന്ത രാജ്യത്തേക്കുള്ള പാലായനത്തിനു കാരണമായി മാറുന്നു. 2015 ൽ മാത്രമായി 7 ശതമാനത്തിലധികം പ്രവാസി ഇന്ത്യാക്കാർ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ തിരിച്ചെത്തിയിട്ടുണ്ട്. വ്യവസായ മുതൽ മുടക്കു രംഗത്തും വൻ തോതിലുള്ള മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്. ഗൾഫ് രാജ്യങ്ങളിൽനിന്നും വൻ മുതൽ മുടക്കുകളുമായി പുതിയ കമ്പനികൾ ഇന്ത്യയിലേക്ക് എത്തുന്നതിനാൽ ജോലി സാധ്യതകളും കൂടുതലാണ്.

legendrealtors.com

394th Project

IT TAKES A LEGEND TO STAY HIGH

STAY HIGH

THE CLASSIC

"LEGEND JOSWANA"

Introducing first time in India

HYBRID NATURAL ENERGY BACK UP

powered by MITZUKI®

393 projects accomplished, 70 Million Sq.ft. surpassed and still continuing... "LEGEND JOSWANA" is emerging at Thrippunithura. It's going to be another classical example of sustainable living by LEGEND GROUP DUBAI.

Luxurious Apartments @ Thrippunithura

gbrain

Arabian Legend REALTORS PVT LTD

Legend Joswana

LIC HFL LIC HOUSING FINANCE LTD

Approved by all major Banks & Financial Institutions

BOOKINGS OPEN

An ISO 9001-2008 Certified Company

Talk to us : +91 8086 6000 20 (IND)
8086 6000 32

6th floor, Palakats Building, Vyttila Bypass Road,Cochin-682019 Tel: 0484-2302121, 2304141,info@legendrealtors.com

Middle East | APAC | SA | INDIA | USA

കൊലപാതകം തുടരുമെന്ന് ഐഎസ് ഭീകരൻ ജിഹാദി ജോൺ

ലണ്ടൻ: ഐഎസ് ഭീകരൻ ജിഹാദി ജോൺ എന്ന ബ്രിട്ടീഷ് പൗരൻ ബ്രിട്ടനിൽ ഇനിയും കൊല തുടരുമെന്ന് അറിയിക്കുന്ന വീഡിയോ പുറത്തുവിട്ടു. ഒരു മിനിറ്റിലേറെ ദൈർഘ്യമുള്ളതാണ് വീഡിയോ. ലോകത്തെ മുഴുവൻ വെല്ലു വിളിച്ചുകൊണ്ടുള്ള സന്ദേശമാണ് വീഡിയോയിലുളളത്. രണ്ടു ബ്രിട്ടീഷ് പൗരന്മാരുടേതുൾപ്പെടെ ഏഴു പേരുടെ തലകൾ ജിഹാദി ജോൺ വെട്ടിയിട്ടുണ്ട്. ഇതിനുപുറമേ 17 സിറിയൻ സൈനികരുടെ തല വെട്ടുന്ന വീഡിയോയിലും ഇയാൾ പ്രത്യക്ഷപ്പെട്ടിരുന്നു. ലോകത്തെ ഏറ്റവും കുപ്രസിദ്ധ ഭീകരനായി പ്രഖ്യാപിച്ചിട്ടുള്ള ജിഹാദി ജോണിന്റെ തലയ്ക്ക് 6 ദശലക്ഷം ബ്രിട്ടീഷ് പൗണ്ട് ആണ് അമേരിക്ക വാഗ്ദാനം ചെയ്തിരിക്കുന്നത്.

വായനക്കാരുടെ ശ്രദ്ധയ്ക്ക്

യുഎസ് ട്രിബ്യൂൺ ഓൺ ലൈൻ എഡിഷൻ വായനക്കാർക്കായി സമർപ്പിക്കുകയാണ്.

www.ustribuneonline.org എന്ന വൈബ്സൈറ്റിൽ ഏറ്റവും പുതിയ വാർത്തകളുമായി ഞങ്ങൾ നിങ്ങളെ കാത്തിരിക്കുന്നു.

Chief- in- operations - **Varughese Mahew**

E-mail: info@ustribuneonline.org

പിസിഎൻഎകെ 2016 ലേക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു

ഡാളസ്: ഡാളസിലെ ആഡിസൺ പട്ടണത്തിൽ വച്ചു 2016 ജൂൺ 30 മുതൽ ജുലായ് 3 വരെ നടക്കുന്ന പെന്തക്കോസ്തൽ കോൺഫ്രൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സിന്റെ ലോക്കൽ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പാസ്റ്റർ ഷാജി ഡാനിയേൽ നാഷണൽ കൺവീനർ, ടിജു തോമസ് സെക്രട്ടറി, ഡാളസ് നാഷണൽ പ്രതിനിധി ഫിലിപ്പ് തോമസ് എന്നിവരെ തിരഞ്ഞെടുത്തു. ലോക്കൽ കോർഡിനേറ്റർമാരായി പാസ്റ്റർ കെ.സി. ജോൺ, ബ്രദർ വെസ്ലീ മാത്യു, ബ്രദർ ഷാജി മണിയാറ്റ്, ബ്രദർ ബിജു തോമസ് ട്രഷറാർ ആയും തിരഞ്ഞെടുക്കപ്പെട്ടു.

പാസ്റ്റർ ഷാജി ഡാനിയേൽ
നാഷണൽ കൺവീനർ

ടിജു തോമസ്
നാഷണൽ സെക്രട്ടറി

തോമസ് വർഗ്ഗീസ്
നാഷണൽ ട്രഷറാർ

ഏബ്രഹാം മോനിസ്
നാഷണൽ യൂത്ത് കോ-ഓർഡിനേറ്റർ

ഷിക്കാഗോ മർത്തോമാ യുവജനസഖ്യം ഹാർവെസ്റ്റ് ഫെസ്റ്റിവൽ ആഘോഷിച്ചു

ഷിക്കാഗോ: ഈ വർഷത്തെ ഹാർവെസ്റ്റ് ഫെസ്റ്റിവലിനു ഷിക്കാഗോയിൽ നടന്നു. ഷിക്കാഗോ മർത്തോമാ യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഫെസ്റ്റിവൽ ഓഗസ്റ്റ് 22 ശനിയാഴ്ച വിപണനമേളയുടെ ഉദ്ഘാടനത്തോടെ തുടക്കം കുറിച്ചു. ആദ്യവിപണനം മാർത്തോമ്മ ഇടവകവികാരി റവ. എബ്രഹാം സ്കറിയായിൽ നിന്നും മറിയാമ്മ പിള്ള, സാറാജോസഫ് എന്നിവർ ഏറ്റുവാങ്ങി ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്നു നടന്ന ഉദ്ഘാടന സമ്മേളനം ഷിക്കാഗോ സെന്റ് തോമസ് മാർത്തോമ്മാ ഇടവക വികാരി റവ. ഡോ. ശലോമോൻ കെ. ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു. വിവിധ തുണിത്തരങ്ങളുടെ വിപണനം, നാടൻ ഭക്ഷണങ്ങളുടെ വിവിധ സ്റ്റാളുകൾ, വിവിധ കലാപരിപാടികൾ, പച്ചക്കറികളുടെയും ഫലങ്ങളുടെയും ലേലം തുടങ്ങി തനിനാടൻ രീതിയിൽ നടന്ന ഹാർവെസ്റ്റ് ഫെസ്റ്റിവൽ എല്ലാവരിലും ആഹ്ലാദം ഉളവാക്കി.

സമ്മേളനം റവ. ഡോ. ശലോമോൻ കെ. ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവ്വഹിക്കുന്നു.



JAIBU MATHEW
KULANGARA &
ASSOCIATES
For Personal & Business
TAX SERVICE
Free Electronic Filing

7215 W.TOUHY, SUITE 6,
CHICAGO, IL- 606 31
(773) 792 2117- OFFICE:(847) 298 0786-
HOME: (773) 792 2118- FAX
EMAIL:tax@jaibu.com
WEB: www.jaibu.com



യുഎസ് ട്രിബ്യൂൺ

എഡിറ്റോറിയൽ

അർത്ഥശൂന്യതയുടെ സംഘടനകൾ

പ്രവാസി മലയാളികളുടെ പിടിയിൽ സംഘടനകളുടെ സ്വാധീനം വളരെ വലുതാണ്. കേരളത്തിൽ നിന്ന് വിവിധ രാജ്യങ്ങളിൽ കുടിയേറിയിട്ടുള്ള മലയാളികൾ ഇതിനു വളരെ മുമ്പിലാണ്. സംഘടനകളിൽ ഭൂരിഭാഗവും ആരംഭം കുറിക്കുന്നത് മറ്റുള്ളവരെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ്. ആത്മീയ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയും സഭാ സംഘടനകൾ കൂടാതെ മറ്റു ഇതര സംഘടനകളും എണ്ണത്തിലധികമാണ്.

മറ്റുള്ളവരുടെ വേദനകളെ മനസ്സിലാക്കി അവരുടെ ഇല്ലായ്മയിൽ അവരെ സഹായിക്കുവാൻ വേണ്ടി വലിയ അഖണ്ഡ പ്രമാണങ്ങൾ എഴുതി ഉണ്ടാക്കുകയും എന്നാൽ അതെല്ലാം ഭാവിയിൽ പ്രലോഭനങ്ങളായി മാറുന്നു. എല്ലാ സംഘടനകളുടെയും പ്രധാന പരിപാടികളിൽ സംഘാടകർ കൂടുതൽ അന്വേഷിക്കുന്നത് രാഷ്ട്രീയ നേതാക്കന്മാരെയും ആത്മീയ നേതാക്കന്മാരെയും ആണ്. സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധുക്കളെ ചൂഷണം ചെയ്തു ജീവിക്കുന്നവരെത്തന്നെ വീണ്ടും അരങ്ങത്തെത്തിക്കുക എന്ന ദൗത്യം അവർ നിറവേറ്റിക്കൊണ്ടിരിക്കുന്നു. സംഘടനാ നേതാക്കളാകട്ടെ അവർ പരസ്പരം ആദരിച്ച് സംപൂജ്യം അടയുന്നു.

സംഘടനയുടെ പേരിൽ ഒരുമിച്ചു കൂടി അവരവർ ആഹ്ളാദിക്കുന്ന പടങ്ങൾ മാലോകരെ കാണിക്കുവാൻ വേണ്ടി പത്ര മാധ്യമങ്ങളിലും സോഷ്യൽ നെറ്റുവർക്കുകളിലും തള്ളി വിടുന്നു. അവരുടെ പടങ്ങൾ പത്രങ്ങളിൽ വരുവാൻ വേണ്ടി പത്രങ്ങളിൽ പ്രവർത്തിക്കുന്ന വമ്പൻമാരെ ആദരിക്കുവാൻ മറക്കുന്നതുമില്ല. പത്രക്കാരെയും മാധ്യമ പ്രവർത്തകരെയും ആദരിക്കുന്നതുമൂലം സ്വന്തം ചിത്രങ്ങൾ വരുവാൻ സാധ്യത കൂടുതലുമാണ്. സംഘടനാ നേതാക്കന്മാരുടെ ഇത്തരത്തിലുള്ള അല്പത്തം പൊതു ജനം അവജ്ഞയോടെ തള്ളുന്നു എന്നുള്ളത് അവർ അറിയാതെ പോകുന്നു എന്നുള്ളതാണ് വാസ്തവം.

സ്വന്തം കുഞ്ഞുങ്ങളെ പോറ്റുവാൻ കഴിയാതെ ജോലി നഷ്ടപ്പെട്ടവരും രോഗികളുമായ 100 കണക്കിനു പ്രവാസി മലയാളികൾ വേദനയുടെ അവസാന നെല്ലിപ്പലകയും കണ്ടിട്ടും ഒരു സംഘടനയും അവർക്കാശ്വാസമാകുന്നില്ലാ എന്നുള്ളത് ദു:ഖകരമാണ്. സംഘടനയുടെ പേരിൽ വൻകിട ഹോട്ടലുകളിൽ ധാർമ്മികതയില്ലാത്ത രാഷ്ട്രീയ നേതാക്കന്മാരെയും ബിസ്സിനസ്സുകാരെയും ആദരിച്ചുകൊണ്ട് നേതാക്കൾ കൂടിച്ചു കൂത്താടി നടക്കുവാനും അവരവരുടെ കുടുംബങ്ങളുടെ മേന്മ കാണിക്കുവാനായി സംഘടനയും നേതൃത്വവും മാറ്റപ്പെട്ടു.

സ്വന്തം കൈയ്യിൽ നിന്ന് കാൽ കാശു ചെലവിടാതെ മറ്റുള്ളവരെക്കൊണ്ട് ചെയ്യിക്കുവാനുള്ള വിരുതാണ് ഭൂരിഭാഗം നേതാക്കന്മാർക്കും. അവശത അനുഭവിക്കുന്ന പ്രവാസി മലയാളികളുടെ കണ്ണീരൊപ്പുവാൻ ഈ സംഘടനകൾക്കും നേതാക്കൾക്കും താല്പര്യമില്ലാ എന്നുള്ളതാണ് പച്ചയായ വാസ്തവം. സ്വന്തം പേരും നാളും മുമ്പിൽ വരുവാൻ വേണ്ടി ഇവർ കാട്ടിക്കൂട്ടുന്ന ഉളുപ്പില്ലാത്ത വേലകൾ പൊതു സമൂഹം പുച്ഛിച്ചു തള്ളുന്നു എന്നുള്ളത് ഇനിയെങ്കിലും മനസ്സിലാക്കേണ്ടിയിരിക്കുന്നു. സംഘടകളുടെ കൂട്ടായ്മകളും മറ്റു പരിപാടികളും നല്ലതാണ്. പക്ഷേ, അതിന്റെ പ്രവർത്തനങ്ങൾ ദുരിതം അനുഭവിക്കുന്നവർക്കും സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവർക്കും പ്രയോജനം ചെയ്യുന്നില്ലെങ്കിൽ ഇത്തരം സംഘടനകളേയും നേതാക്കന്മാരേയും കടലിൽ തള്ളുകയാണു വേണ്ടത്. സഭാ സമുദായ സംഘടനകളും ഇതിനു തീരെ പുറകിലല്ല. വിശ്വാസികളുടെ ആത്മീയ ഭൗതിക ഉന്നമനത്തിനുവേണ്ടി നില നിൽക്കേണ്ട സമുദായ സംഘടനകൾ വലിയ കൊള്ള നടത്തുന്നു എന്നുള്ളത് പറയാതെ വയ്യ. സഭകളുടെ വിദ്യാഭ്യാസ ആതുര സ്ഥാപനങ്ങളിൽ വിശ്വാസികൾക്കു ജോലി ലഭിക്കണമെങ്കിൽ വൻ കോഴ കൊടുത്തെങ്കിൽ മാത്രമേ ലഭ്യമാകുകയുള്ളു. അവിടെയും സാധാരണക്കാരന്റെ നില പരിതാപകരം. സംഘടകൾ പുനർചിന്തനം ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ലക്ഷ്യം നല്ലതല്ലെങ്കിൽ സംഘടനകളും നേതാക്കളും അവഹേളിതരാകുന്നു.

വറുഗീസ് മാത്യു
ചീഫ് ഇൻ ഓപ്പറേഷൻസ്

മിഷനറി ജീവിതം

ഹെൻട്രി മാർട്ടിൻ

വചന പരിഭാഷ തപസ്യയാക്കിയ വീരൻ

1781 ഫെബ്രുവരി 18 ന് ഹെൻട്രി ഇംഗ്ലണ്ടിൽ ജോൺ മാർട്ടിന്റെ പുത്രനായി ജനിച്ചു. ജോൺ തന്റെ മകനെ മികച്ച നിലയിൽ വളർത്തി, വിദ്യാഭ്യാസ കാര്യങ്ങളിൽ മറ്റെല്ലാവരെക്കാളും മികവു പുലർത്തി. ക്ഷമാശീലനും ദയാലുവും ആയിരുന്നു. ''വിശുദ്ധവേദപുസ്തകം തർജ്ജിമ ചെയ്യുമ്പോൾ ഒരു ദിവസത്തിന് 24 മണിക്കൂർ പോരാ എന്ന് എനിയ്ക്കു തോന്നുന്നു. ദിവസങ്ങൾ കഴിഞ്ഞ ഒരു നിമിഷം പോലെ കടന്നു പോകുന്നു'' വേദപഠനം ഒരു തപസ്യയാക്കിത്തീർത്ത മഹാപ്രഭാവനായ ഹെൻട്രി മാർട്ടിന്റെ വാക്കുകളാണിവ. 1800 കളുടെ ആദ്യഭാഗങ്ങളിൽ ഇന്ത്യയിലെത്തി, ഭാരതീയരുടെ ഉന്നമനത്തിനുവേണ്ടി വളരെയേറെ കഠിന പ്രയത്നം ചെയ്ത വ്യക്തിയായിരുന്നു ഹെൻട്രി മാർട്ടിൻ. ത്യാഗസമ്പൂർണ്ണമായ ജീവിതശൈലിയിലൂടെ വെറും മുപ്പത്തിരണ്ടു വർഷത്തെ ജീവിതം അദ്ദേഹം അർത്ഥസമ്പുഷ്ടമാക്കിത്തീർത്തു.

ചെറുപ്പത്തിൽത്തന്നെ ഗ്രീക്ക്, ലാറ്റിൻ ഭാഷകളിൽ പ്രാവിണ്യം നേടി. 1799 ൽ പിതാവിന്റെ മരണശേഷം ആത്മീയ കാര്യങ്ങളിലേക്ക് ശ്രദ്ധതിരിച്ചുതുടങ്ങി. വേദപുസ്തക വായനയിലും പ്രാർത്ഥനയിലും കൂടുതൽ സമയം ചെലവഴിച്ചു. ചാൾസ് ശിമയോൻ എന്ന ഒരു പട്ടക്കാരന്റെ ശുശ്രൂഷയിൽ ഹെൻട്രി സ്ഥിരമായി സംബന്ധിക്കുവാൻ തുടങ്ങി. അങ്ങനെ ചാൾസിന്റെ ശുശ്രൂഷ അദ്ദേഹത്തിന്റെ ഹൃദയത്തോട് സംസാരിച്ചു. ക്രിസ്തീയ ശുശ്രൂഷയുടെ മാഹാത്മ്യത്തെ ഹെൻട്രി അടുത്തറിയുകയായിരുന്നു.

1801 ൽ 20 വയസ്സുപോലും ആകാത്ത സമയത്ത് സർവ്വകലാശാലയിൽനിന്നും സീനിയർ റാങ്ക്ലർ എന്ന ബിരുദം അദ്ദേഹത്തിനു ലഭിച്ചു. 1802 ൽ ഫെലോ ഓഫ് സെന്റ് ജോൺസ് കോളേജ് കേംബ്രിഡ്ജ് എന്ന ബഹുമതിയും ലഭിച്ചു.

വില്യം കേറി, ജോഷ്വാ മാർഷ്മാൻ, വില്യം വാർഡ്, ഡേവിഡ് ബ്രയ്നാർഡ് തുടങ്ങിയവരുടെ സേവനം മനസ്സിലാക്കിയ ഹെൻട്രി ഒരു പ്രവർത്തനത്തിനായി ദൈവസന്നിധിയിൽ സമർപ്പിച്ചു.

1804 ൽ ഹെൻട്രിക്ക് തന്റെ സമ്പത്തുകൾ നഷ്ടമായി. തന്റെ കണക്കുകൂട്ടലുകൾ തകരുകയാണോ എന്ന് അദ്ദേഹം സംശയിച്ചു. ചാൾസിന്റെ സഹായ പട്ടക്കാരനായി അദ്ദേഹം പ്രവർത്തിച്ചു. പാപത്തെ ശക്തിയായി എതിർക്കുകയും ജനത്തെ ആത്മീയമായി ഉണർത്തുകയും ചെയ്യുന്ന അനേകം പ്രസംഗങ്ങൾ അദ്ദേഹം ചെയ്തു.

1805 ജൂലൈ 17 ന് പോർട്ട്സ്മിത്ത് തുറമുഖത്തു നിന്നും ഹെൻട്രി മാർട്ടിൻ ഇന്ത്യയിലേക്കു യാത്രയായി. ഒൻപതു മാസങ്ങളോളം കപ്പലിൽ കഴിഞ്ഞ താൻ കപ്പലിലുള്ളവരോട് ആത്മീയകാര്യങ്ങൾ ഉപദേശിക്കുകയും, പ്രസംഗിക്കുകയും ചെയ്തു. ജാതികളുടെ മാനസാന്തരത്തിനായി വെള്ളിയാഴ്ചദിവസം മുഴുവനും അദ്ദേഹം പ്രാർത്ഥിച്ചു. 1806 ഏപ്രിൽ 12ന് മദ്രാസ് തുറമുഖത്ത് കപ്പൽ അടുത്തു. മെയ്മാസത്തിൽ കൽക്കട്ടയിലേക്ക് യാത്രയായി. അവിടെവച്ച് ഹിന്ദി ഭാഷ പഠിച്ചു. ഇന്ത്യയിലെ ദുരാചാരങ്ങളും മറ്റും അദ്ദേഹത്തെ വളരെ വ്യണപ്പെടുത്തി. സതിയും മറ്റും കണ്ട് അദ്ദേഹം വാവിട്ടു കരഞ്ഞ സന്ദർഭങ്ങളുണ്ട്. ഒരിക്കൽ ഒരു സ്ത്രീയെ ചിതയിൽ നിന്നും രക്ഷപ്പെടുത്തിയതായും പറയപ്പെടുന്നുണ്ട്.

ഹെൻട്രി ഉർദുഭാഷയിൽ വിശുദ്ധ വേദപുസ്തകം തർജ്ജിമ ചെയ്യുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടു. 1808 ൽ അതു പൂർത്തികരിച്ച് അച്ചടിയും നിർവ്വഹിച്ചു.

1805 ജൂലൈ 17 ന് പോർട്ട്സ്മിത്ത് തുറമുഖത്തു നിന്നും ഹെൻട്രി മാർട്ടിൻ ഇന്ത്യയിലേക്കു യാത്രയായി. ഒൻപതു മാസങ്ങളോളം കപ്പലിൽ കഴിഞ്ഞ താൻ കപ്പലിലുള്ളവരോട് ആത്മീയകാര്യങ്ങൾ ഉപദേശിക്കുകയും, പ്രസംഗിക്കുകയും ചെയ്തു. ജാതികളുടെ മാനസാന്തരത്തിനായി വെള്ളിയാഴ്ചദിവസം മുഴുവനും അദ്ദേഹം പ്രാർത്ഥിച്ചു. 1806 ഏപ്രിൽ 12ന് മദ്രാസ് തുറമുഖത്ത് കപ്പൽ അടുത്തു. മെയ്മാസത്തിൽ കൽക്കട്ടയിലേക്ക് യാത്രയായി. അവിടെവച്ച് ഹിന്ദി ഭാഷ പഠിച്ചു. ഇന്ത്യയിലെ ദുരാചാരങ്ങളും മറ്റും അദ്ദേഹത്തെ വളരെ വ്യണപ്പെടുത്തി. സതിയും മറ്റും കണ്ട് അദ്ദേഹം വാവിട്ടു കരഞ്ഞ സന്ദർഭങ്ങളുണ്ട്. ഒരിക്കൽ ഒരു സ്ത്രീയെ ചിതയിൽ നിന്നും രക്ഷപ്പെടുത്തിയതായും പറയപ്പെടുന്നുണ്ട്.

ടിയും നിർവ്വഹിച്ചു.

പിന്നീട് പേർഷ്യൻ ഭാഷയിൽ വചനം പരിഭാഷപ്പെടുത്തുന്ന ജോലിയിലും ഏർപ്പെട്ടു.

കാൺപൂരിൽനിന്നും ഇംഗ്ലണ്ടിലേക്കും, കോൺസ്റ്റാന്റിനോപ്പിളിലേക്കും യാത്ര തിരിച്ചു. ആതിനുശേഷം കഠിനമായ ജ്വരം ബാധിച്ചു ബുദ്ധിമുട്ടി. തോകത്ത് എന്ന പട്ടണത്തിൽ എത്തി അവിടെ അദ്ദേഹം കിടപ്പിലായി. 1812 ഒക്ടോബർ 16 ന് തന്റെ 32-ാം വയസ്സിൽ കർത്താവിന്റെ മാർവിടത്തിൽ വിശ്രമത്തിനായി കടന്നുപോയി.

പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിക്കപ്പെട്ട ജീവിതം, സുവിശേഷവേലയോടുള്ള ആത്മാർത്ഥത, ജീവിതം പോലും യാഗമായി സമർപ്പിക്കുവാനുള്ള ഒരുക്കം ഇതൊക്കെ ഹെൻട്രി മാർട്ടിൻ എന്ന ആ വലിയ മനുഷ്യനിൽ നിറഞ്ഞു നിന്ന ഗുണങ്ങളായിരുന്നു. ലോകസുവിശേഷീകരണ ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും ഒരു മാതൃകയായി നിലകൊള്ളുന്നു. ■

വായനക്കാർക്ക് ഒരു സന്തോഷവാർത്ത

ജൂൺ, ജൂലയ് മാസങ്ങളിൽ അവധിക്കു കേരളത്തിലെത്തുന്ന യൂറോപ്പ്, അമേരിക്ക, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽനിന്നു വരുന്ന യുഎസ് ട്രിബ്യൂൺ വായനക്കാർക്ക് യുഎസ് ട്രിബ്യൂണിന്റെ വെക്കേഷൻ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. ഷോപ്പിങ്ങ് ഡിസ്കൗണ്ടുകൾ, കുട്ടികൾക്കും, മുതിർന്നവർക്കും കൗൺസലിംഗ്, മെഡിക്കൽ ട്രീറ്റുമെന്റുകൾ, ഫ്ളാറ്റുകളും വില്ലകളും വാങ്ങിക്കുന്നവർക്കുള്ള സഹായം എന്നിവ ലഭ്യമാണ്. യുഎസ് ട്രിബ്യൂണിന്റെ വിവിധ റീജിയണുകളിലെ ഓഫിസുമായി ബന്ധപ്പെടുക. യുഎസ് ട്രിബ്യൂൺ, 2001, വെസ്റ്റ് പയനിയർ പാർക്ക്വേ, ഗ്രാന്റ് പ്രയറി, ടെക്സാസ് 75052, ഫോൺ-1215 882 2385. യുഎസ് ട്രിബ്യൂൺ, പിബി നമ്പർ 678, കോട്ടയം, കേരള, ഫോൺ- 8547291809,

അറിയിപ്പുകൾ

എന്റെ സങ്കടം പ്രിയ വായനക്കാരുടെ ശ്രദ്ധക്ക്

വായനക്കാർക്ക് ചുറ്റുപാടും കാണുന്ന സംഭവങ്ങൾ നിങ്ങളെ വേദനിപ്പിക്കുന്നതാണെങ്കിൽ ഈ പംക്തിയിലൂടെ നിങ്ങൾക്ക് സമൂഹത്തോട് പങ്ക് വയ്ക്കാവുന്നതാണ്. എന്റെ സങ്കടം എന്ന പംക്തിയിലേക്ക് എഴുതുമ്പോൾ ഏതെങ്കിലും ഒരു വ്യക്തിയേയോ, ഒരു സമൂഹത്തേയോ വേദനിപ്പിക്കുന്നതോ, അപമാനം വരുത്തുന്നതോ ആകുവാൻ പാടുള്ളതല്ല. കുടുംബങ്ങളുടെ ആത്മീക, സാമൂഹിക, സാംസ്കാരിക, ഭൗതികവിഷയങ്ങളെക്കുറിച്ചുള്ള വിഷയങ്ങൾ നർമ്മ രസത്തിലൂടെ ചൂണ്ടിക്കാട്ടാം. അത്തരം സംഭവങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവരെ ചിന്തിപ്പിക്കുന്നതിന് ജീവിത ശൈലി പുനർവിചിന്തനം നടത്തുന്നതിനും ഈ പംക്തി കാരണമാകുന്നു എന്നു വിശ്വസിക്കുന്നു. അങ്ങനെയുള്ള ലേഖനങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും അയക്കാവുന്നതാണ്.

എന്ന് പത്രാധിപർ

US Tribune, PO Box 52120, Philadelphia
PA 19115, USA. Ph: 215 882 2385, 215 5441233

യു.എസ്. ട്രിബൂണിൽ വരുന്ന പഠനങ്ങളും , സർവ്വേകളും ലേഖനങ്ങളും യു.എസ്. ട്രിബൂണിന്റെ നയമല്ല, വായനക്കാർക്ക് അവരുടെ മനസ്സാക്ഷിക്കനുസരിച്ച് ഈ ലേഖനങ്ങളെ വിലയിരുത്താവുന്നതാണ്. ഏതെങ്കിലും സഭകൾക്കെതിരായോ, സമൂഹത്തിനെതിരായോ ലേഖനങ്ങളോ, പരസ്യങ്ങളോ പ്രസിദ്ധീകരിക്കുന്നതല്ല.
പത്രാധിപർ.

യുഎസ് ട്രിബ്യൂൺ

അമേരിക്കയിലെ പുതിയ തലമുറയ്ക്ക്.

മാതാപിതാക്കളുടെ ശ്രദ്ധക്ക്

യു.എസ്.ട്രിബ്യൂൺ ഏതെങ്കിലും സഭയുടെയോ വ്യക്തിയുടെയോ പ്രസിദ്ധീകരണമല്ല. എല്ലാ ക്രൈസ്തവ സഭാവിഭാഗങ്ങളുടെയും എല്ലാവിധ അനുഗ്രഹത്തോടും, അനുവാദത്തോടും, പ്രോത്സാഹനത്തോടും കൂടിയാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. പുതിയ തലമുറകളെ പിതാക്കന്മാർക്കും സഭയ്ക്കും ലഭിച്ച ആത്മീയ പൈതൃകമനുസരിച്ച് ക്രിസ്തുവിൽ നിലനിറുത്തുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. ഏതെങ്കിലും സഭകളെ വിമർശിക്കുകയെ വിശ്വാസപ്രമാണങ്ങളിൽ കൈകടത്തുകയോ ചെയ്യുന്ന ലേഖനങ്ങളോ വാർത്തകളെ ഇതിൽ പ്രസിദ്ധീകരിക്കുന്നതല്ല. ഈ ശുശ്രൂഷയെ പ്രാർത്ഥനയുടെ കരങ്ങളിൽ വെയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

ചീഫ് ഓപ്പറേഷൻ ഡയറക്ടർ
വർഗീസ് മാത്യു

പേജ് 1 ൽ നിന്ന് തുടർച്ച

കേരളത്തിൽ ആത്മീയ വ്യവസായം വർദ്ധിക്കുന്നു

മറ്റൊരു കൂട്ടം ആഭരണം ധരിക്കാൻ അനുവാദമുള്ളതുമായ നിരവധി പ്രസ്ഥാനങ്ങൾ കേരളത്തിലും ഇൻഡ്യയിലും വ്യാപകമായികഴിഞ്ഞു. ടെലിവിഷൻ മാധ്യമങ്ങളുടെ അനന്തമായ സാധ്യതകളെ പ്രയോജനപ്പെടുത്തി യുട്യൂബു വഴിയും മറ്റു സോഷ്യൽ നെറ്റ്വർക്കുവഴിയും വ്യാപകമായി അവരുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗം പേരുടെയും തുറുപ്പ് ചീട്ട്, രോഗസൗഖ്യം, കടത്തിൽനിന്നുള്ള വിടുതൽ, ശാപമോക്ഷം തലമുറയോഗം,സാമ്പത്തിക അഭിവൃദ്ധി തുടങ്ങിയ വിഷയങ്ങൾ ഉയർത്തികാട്ടിയാണ് ജനങ്ങളെ വശീകരിക്കുന്നത്.

ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുക്കുന്നവരുടെ ഭൂതകാലം പരിശോധിച്ചാൽ ശരിയായ യോഗ്യതയുള്ളവരോ ആത്മീയവിഷയങ്ങളിൽ പ്രാപ്തരോ അല്ലാ എന്നുള്ളതാണ് വാസ്തവം. വാക്കുകൾകൊണ്ട് വശീകരിക്കാൻ കഴിയുന്ന ആർക്കും ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുമെന്ന് സർവ്വേ വ്യക്തമാക്കുന്നു. ഇതിൽ കൂടുതലും സ്ത്രീകളാണ് വശീകരിക്കപ്പെടുന്നത്. ആത്മീയ കച്ചവടത്തിന് നേതൃത്വം കൊടുക്കുന്നവരിൽ സാമ്പത്തികമായി വളരെ പിന്നോക്കം നിന്ന ഈ കൂട്ടം ഇന്ന് ആഡംബര വാഹനങ്ങളും ആഡംബരജീവിതവുമാണ് നയിച്ചു വരുന്നത് എന്ന് വിവിധ പ്രസ്ഥാനങ്ങൾ നടത്തിയ സർവ്വേയിൽ വ്യക്തമായി. ടെലിവിഷൻ ചാനലുകളിലൂടെ വിശ്വാസികളെകൊണ്ട് പ്രസംഗവും ധ്യാനപരിപാടികളും സ്പോൺസർ ചെയ്യിപ്പിക്കുകയും, അതിലൂടെ അത്ഭുതങ്ങൾ പ്രചരിപ്പിക്കുകയും, പരിശീലനം ലഭിച്ച വ്യക്തികളെകൊണ്ട് രോഗസൗഖ്യം ലഭിച്ചതായി കപടവാർത്ത പ്രചരിപ്പിക്കുന്നതും വിശ്വാസികളുടെ വിശ്വാസം ആർജിക്കുന്നതിന് ഉപയോഗിക്കുന്നു. ധ്യാനങ്ങൾ സംഘടിപ്പിക്കുന്നതിനുമുമ്പ് പങ്കെടുക്കുന്ന വ്യക്തികളെക്കുറിച്ച് അന്വേഷിക്കുകയും അവരുടെ പ്രശ്നങ്ങൾ രഹസ്യമായി മനസ്സിലാക്കി അവരെ സ്വാധീനിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ഇവർക്കു ലഭിക്കുന്ന പണം പ്രധാന നേതാക്കളിലേക്ക് പോകുകയും സുവിശേഷ പ്രവർത്തനങ്ങൾക്കുള്ള ചെലവ് എന്നു പറഞ്ഞ് വസ്തുവകകളും ഫ്ളാറ്റുകളും രഹസ്യമായി വാങ്ങിക്കൂട്ടുകയാണ്. ഇത്തരം സംഘടനകളെ നിരീക്ഷിക്കുവാൻ സംസ്ഥാനങ്ങളിൽ നിയമം ഇല്ലാത്തതും പരാതി നൽകാൻ വിശ്വാസികൾ മുൻപോട്ട് വരാത്തതും ഇത്തരം സംഘടനകൾ തഴച്ചു വളരുവാൻ കാരണമാകുന്നു. ക്രൈസ്തവ സംഘടനകളെപ്പോലെ തന്നെ ഹൈന്ദവ സംഘടനകളും ആൾദൈവങ്ങളും വ്യാപകമായി വിശ്വാസികളെ ചൂഷണം ചെയ്യുന്നു. നേർച്ചകളുടെയും,പൂജകളുടെയും,സന്താനലബ്ധി,സാമ്പത്തിക അഭിവൃദ്ധി തുടങ്ങിയവയുടെ പേരിൽ സാധുക്കളായ വിശ്വാസികളെ കബളിപ്പിക്കുന്നു. ആത്മീയ വ്യാപാരത്തിന് ഏറ്റവും വളക്കൂറുള്ള മണ്ണായി കേരളം മാറ്റപ്പെട്ടു കഴിഞ്ഞു

വായനക്കാരുടെ ശ്രദ്ധയ്ക്ക്

പ്രവാസികളായ വായനക്കാർക്ക് ഇന്ത്യയിൽ നടത്തുന്ന ഇൻവെസ്റ്റ്മെന്റുകളിൽ യു.എസ്. ട്രിബൂണിൽ പ്രസിദ്ധീകരിക്കുന്ന പരസ്യദാതാക്കളുടെ സ്ഥാപനങ്ങളിൽനിന്ന് പ്രത്യേകം ഡിസ്കൗണ്ട് ലഭിക്കുന്നതാണ്.

എന്ന് പത്രാധിപർ.

പേജ് 1 ൽ നിന്ന് തുടർച്ച

കേരളത്തിൽ മതതേരത്വം തകരാൻ സാദ്ധ്യത

വരെ ഒരുമിപ്പിക്കുകയും ആ വോട്ടുകൾ നില നിറുത്തുവാനും അണികൾക്ക് ആഹ്വാനം നൽകിയിട്ടുണ്ട്. ഇത് ഏറെ ഗൗരവമുള്ളതാണ്. ക്രൈസ്തവ മുസ്ലീം വോട്ടുകളിൽ ചെറിയ ശതമാനം വോട്ടുകൾ മാത്രമേ ബിജെപിക്കു ലഭിക്കു എന്നുള്ള ധാരയണയിലാണ് പുതിയ പ്രവർത്തന രീതികൾ താഴെക്കിടയിലേക്ക് പ്രവർത്തകരെ സജ്ജമാക്കുന്നത്.

കേന്ദ്രത്തിലെ ബിജെപി യുടെ ഭരണവും, പണവും, സ്വാധീനവും ഇപ്പോൾ കേരളത്തിൽ ബിജെപിക്ക് അണികളെ പിടിച്ചുനിറുത്തുവാൻ പറ്റിയില്ലെങ്കിൽ ഒരിക്കലും ബിജെപിക്ക് അക്കൗണ്ടു തുറക്കുവാൻ പറ്റുകയില്ലന്ന് അവർ വിശ്വസിക്കുന്നു. ക്രൈസ്തവ പരസ്യ സുവിശേഷ പ്രവർത്തനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തുവാനും ന്യൂനപക്ഷങ്ങളുടെ ആത്മീയ സ്ഥാപനങ്ങളെ നിരീക്ഷിക്കുവാനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. സംസ്ഥാനത്തെ ചെറിയ പാർട്ടികളെ അധികാരങ്ങൾ നൽകി ബിജെപിയിലേക്ക് ആകർഷിക്കുവാനും ന്യൂനപക്ഷ സമുദായങ്ങളിൽനിന്നുള്ളവരെ സ്ഥാനങ്ങൾ നൽകി മുഖ്യധാരാ രാഷ്ട്രീയത്തിൽ ഭിന്നിപ്പുണ്ടാക്കാനും ബി.ജെ.പി ഉന്നമിടുന്നു. അതിനു തെളിവാണ് എസ്. എൻ.ഡി.പി നേതാവ് വെള്ളാപ്പള്ളി നടേശൻ അമിത് ഷായുമായി നടത്തിയ രാഷ്ട്രീയ ചർച്ചകൾ.

Dr. M.K.Lukos Manniyottu
E-mail. drmklukos@att.net

ഇതിലെ കഥാപാത്രങ്ങൾ സാങ്കല്പികമാണ്. സമാനമായ സംഭവങ്ങളെ വായനക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിലാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്.

പിൻതുടരുന്നവർ

അനന്യയും അനൂപും വിവാഹം കഴിഞ്ഞിട്ട് 19 വർഷം കഴിഞ്ഞു. കഴിഞ്ഞ 19 വർഷവും കുടുംബജീവിതത്തിന്റെ സ്വസ്ഥത അനുഭവിക്കുവാൻ അനൂപിനു കഴിഞ്ഞിട്ടില്ല. ധനികരായ മാതാപിതാക്കളുടെ ഏക മകളായിരുന്നു അനന്യ. സാധാരണ പശ്ചാത്തലത്തിൽ ജനിച്ചുവളർന്ന അന്തരീക്ഷമായിരുന്നു അനൂപിന്റേത്. നാലു സഹോദരിമാർക്ക് ഏക സഹോദരനായ അനൂപിന് കുടുംബത്തിന്റെ ഭാരം ഒഴിവാക്കാൻ വേണ്ടിയാണ് അനന്യയുമായുള്ള വിവാഹത്തിന് സമ്മതിക്കുകയും അവരുടെ കുടുംബത്തിൽ ദത്തു നിൽക്കുവാനും ഇരുകുടുംബങ്ങൾ തമ്മിൽ തീരുമാനമെടുത്തത്.

സമ്പത്തും അതിസാമർത്ഥ്യവും ഇല്ലാത്ത അനൂപിന് ഭാര്യ വീട്ടിൽ മരുമകനെന്ന ബഹുമാനമോ സ്വസ്തയോ ഇല്ലായിരുന്നു. തന്റെ കഴിവുകേടുകളെക്കുറിച്ചു ശാസിക്കുകയും ചെറുതാക്കുകയും ചെയ്യുന്ന ഭാര്യാ മാതാവും പിതാവും 19 വർഷമായി അനൂപിനെ വേട്ടയാടുകയായിരുന്നു. അതുമൂലം നിരാശയും വേദനയും കൊണ്ട് കുടുംബജീവിതത്തിൽ പോലും ഈ ചെറുപ്പക്കാരൻ പരാജയപ്പെട്ടു. ഇളയ സഹോദരിമാരെ വിവാഹം കഴിപ്പിക്കുവാൻ അനന്യയുടെ മാതാപിതാക്കൾ സഹായിക്കാമെന്ന് നേരത്തേ ഏറ്റിരുന്നെങ്കിലും അത് ഒന്നും ഫലവത്തായില്ല. ഒരു ഭാഗത്ത് സ്വന്തം കുടുംബത്തിലെ പരാധീനതകളുടെ വേലിയേറ്റവും, ഭാര്യാവീട്ടിൽ അടിമത്തവും ശകാരവും ഈ ചെറുപ്പക്കാരന്റെ ജീവിതം വഴി മുട്ടിച്ചു.

മാനസികമായി തളർന്ന അനൂപ് ജീവിതം വേണ്ടാ എന്ന തീരുമാനത്തിലെത്തിച്ചേർന്നു. അനൂപിനെ കാണാതായതു മുതൽ സ്വന്തം വീട്ടുകാർ പലയിടങ്ങളിലും അന്വേഷിച്ചെങ്കിലും ഒരു തുമ്പും ഇല്ലായിരുന്നു. ആത്മഹത്യയ്ക്കുവേണ്ടി ശ്രമിച്ച അനൂപ് അത്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു.

19 വർഷത്തെ ദാമ്പത്യത്തിനു ശേഷം ഗത്യന്തരമില്ലാതെ അനൂപ് സ്വന്തം കുടുംബത്തെ വിട്ടു നാട്ടിൽ നിന്നു ഒളിച്ചോടി. അന്യ സംസ്ഥാനത്ത് ജോലിക്കുവേണ്ടി അലഞ്ഞെങ്കിലും അനുയോജ്യമായ അവസരങ്ങൾ ലഭിച്ചില്ല. മാനസികമായി തളർന്ന അനൂപ് ജീവിതം വേണ്ടാ എന്ന തീരുമാനത്തിലെത്തിച്ചേർന്നു. അനൂപിനെ കാണാതായതു മുതൽ സ്വന്തം വീട്ടുകാർ പലയിടങ്ങളിലും അന്വേഷിച്ചെങ്കിലും ഒരു തുമ്പും ഇല്ലായിരുന്നു. ആത്മഹത്യയ്ക്കുവേണ്ടി ശ്രമിച്ച അനൂപ് അത്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു. ചെറിയ പരുക്കുകളുമായി ആശുപത്രിയിൽ പ്രവേശിപ്പിച്ച അനൂപിനെ ആശുപത്രി അധികൃതരാണ് സ്വന്ത വീട്ടിൽ വിവരങ്ങൾ അറിയിക്കുന്നത്. ഡോക്ടറുമാരുടെ തുടർച്ചയായ കൗൺസിലിംഗിലൂടെയും മറ്റു ചികിത്സയിലൂടെയും നിരന്തരമായ പ്രവർത്തനങ്ങളിലൂടെയും അനൂപ് പുതിയ ജീവിതത്തിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുന്നു.

ബലഹീനതയുള്ളവരെ വേട്ടയാടുന്ന മനോഭാവം നമ്മുടെ ഇടയിൽ സുപരിചിതമായി മാറുന്നു. ബലഹീനതയുള്ളവരെ ചൂഷണം ചെയ്യുകയും അവരെ ജീവിക്കാൻ അനുവദിക്കാത്ത മതാപിതാക്കൾ അവരുടെ തകർച്ചയ്ക്കു ശേഷം ദു:ഖിക്കേണ്ടിവരും. ചെറിയ കുറവുകൾ വലിയ ബലഹീനതയായി ഉയർത്തിക്കാട്ടി ഓരോ നിമിഷവും വേട്ടയാടുന്ന ജീവിത പങ്കാളികൾ പിന്നത്തേതിലും വേദനിക്കേണ്ടിവരും. നിരന്തരമായ പീഡനം സഹിക്കവയ്യാതെയാകുമ്പോൾ പുരുഷനായാലും, സ്ത്രീ ആയാലും അവർ പ്രതികരിച്ചാൽ അതിശയിക്കേണ്ട. ■

വായനക്കാരുടെ ശ്രദ്ധയ്ക്ക്

യുഎസ് ട്രിബ്യൂണിൽ 2 ലക്ഷത്തിലധികം ഇമെയിൽ സബ്സ്ക്രൈബേഴ്സും 5 ലക്ഷത്തിലധികം വായനക്കാരുമുള്ള ഇൻഡോ എഷ്യൻ മിഷൻ പബ്ലിക്കേഷനാണ്. സഭകളുടെ വ്യത്യാസമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനാൽ എല്ലാ സഭാ വിഭാഗങ്ങളിലേക്കും ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ ലഭ്യമാണ്. അനുയോജ്യമായ വിവാഹ ബന്ധങ്ങൾ തെരഞ്ഞെടുക്കുന്നതിനും പരസ്യങ്ങൾ നൽകുന്നതിനും യുഎസ് ട്രിബ്യൂണിന്റെ സേവനം ഉപയോഗിക്കുക.

എഡിറ്റോറിയൽ ഓഫീസ്: യുഎസ് ട്രിബ്യൂൺ, 2001, വെസ്റ്റ് പയനീയർ പാർക്ക്വേ, ഗ്രാന്റ് പ്രയറി, ടെക്സസ് -750052 ഫോൺ - 215 544 1233
റീജിയണൽ ഓഫീസ്: യുഎസ് ട്രിബ്യൂൺ, പി.ഒ. ബോക്സ് -52120, ഫിലാഡൽഫിയ.
ഫോൺ - 215 544 1233, 215 882 2385
ഇന്ത്യ: യുഎസ് ട്രിബ്യൂൺ, പി.ബി. 678, കോട്ടയം, കേരള, ഇന്ത്യ. ഫോൺ 9446031790, 8547291809.



ബൈബിൾ സ്റ്റഡി

റവ. ഫാ. ഫിലിപ്പ് മഠത്തിൽ

അനുസരണക്കേട്

നമുക്കു തരുമെന്നു യഹോവ പിതാക്കന്മാരോടു സത്യം ചെയ്ത ദേശമായ പാലും തേനും ഒഴുകുന്ന ദേശം അവരെ കാണിക്കയില്ല എന്നു യഹോവ അവരോടു സത്യം ചെയ്തിരുന്നു. (1 ശമു. 13.14) ആകയാൽ യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിന്റെ ഭവനവും നിന്റെ പിതൃഭവനവും എന്റെ സന്നിധിയിൽ നിത്യം പരിചരിക്കുമെന്നു ഞാൻ കല്പിച്ചിരുന്നു നിശ്ചയം.

ദൈവത്തോടുള്ള അവന്റെ കോപത്തെ ജ്വലിപ്പിക്കുന്നു. അവൻ ദൈവത്തിന്റെ നിയമം പ്രമാണിച്ചില്ല. അവന്റെ ന്യായപ്രമാണത്തെ ഉപേക്ഷിച്ചു നടന്നു. മരുഭൂമിയിൽ അവർ എത്ര പ്രാവശ്യം അവരോടു മത്സരിച്ചു, ശൂന്യപ്രദേശത്ത് എത്ര പ്രാവശ്യം അവനെ ദു:ഖിപ്പിച്ചു. (സങ്കീ.78. 10,40) യഹോവയുടെ തേജസ്സുള്ള കണ്ണിനു വെറുപ്പുതോന്നുവാൻ തക്കവണ്ണം അവരുടെ നാവുകളും പ്രവർത്തികളും അവനു വിരോധമായി ഇരിക്കുകയാൽ യെരുശലേം ഇടിഞ്ഞു പോകും. (യെശ. 3.8)

അവന്റെ കൃപ നഷ്ടപ്പെടുത്തുന്നു. ഇപ്പോഴോ നിന്റെ രാജത്വം നിലനിൽക്കയില്ല. യഹോവ നിന്നോടു കൽപിച്ചതിനെ നീ പ്രമാണിക്കായ്കകൊണ്ട് അവർ മരിച്ചൊടുങ്ങും വരെ യിസ്രേയേൽ മക്കൾ 40 സംവത്സരം മരുഭൂമിയിൽ സഞ്ചരിക്കേണ്ടി വന്നു. നമുക്കു തരുമെന്നു യഹോവ പിതാക്കന്മാരോടു സത്യം ചെയ്ത ദേശമായ പാലും തേനും ഒഴുകുന്ന ദേശം അവരെ കാണിക്കയില്ല എന്നു യഹോവ അവരോടു സത്യം ചെയ്തിരുന്നു. (1 ശമു. 13.14)

അത് എന്റെ വാക്കു കേട്ടനുസരിക്കാതെ എനിക്ക് അനിഷ്ടമായതു ചെയ്യുന്നുവെങ്കിൽ അവർക്കു വരുത്തും എന്ന് അരുളിച്ചെയ്ത നന്മയെക്കുറിച്ച് ഞാൻ സഹതപിക്കും. (യിരെ. 18.10)

ഇതിന്റെ ഭയങ്കരത്വം ദൃഷ്ടാന്തീകരിച്ചിരിക്കുന്നു. രേഖാവിന്റെ മകനായ യോനാദാബ് തന്റെ പുത്രന്മാരോടു വീഞ്ഞു കുടിക്കരുതെന്നു കൽപിച്ചത് അവർ നിവർത്തിക്കുന്നു; അവർ പിതാവിന്റെ കല്പന മാനിച്ച് ഇന്നുവരെ കുടിക്കാതെ ഇരിക്കുന്നു. എന്നാൽ ഞാൻ ഇടവിടാതെ നിങ്ങളോടു സംസാരിച്ചിട്ടും നിങ്ങൾ എന്നെ അനുസരിച്ചിട്ടില്ല. (യിരെ. 35.14)

ശിക്ഷിക്കപ്പെടും. യാക്കോബിനെ കൊള്ളയായും യിസ്രേയേലിനെ കവർച്ചക്കാർക്കും എല്പിച്ചുകൊടുത്തവൻ ആർ? യഹോവ തന്നെയല്ലോ, അവനോടു നാം പാപം ചെയ്തു പോയി, അവന്റെ വഴികളിൽ നടപ്പാൻ അവർക്ക് മനസ്സില്ലായിരുന്നു. അവന്റെ ന്യായപ്രമാണം അവർ അനുസരിച്ചിട്ടുമില്ല. അതുകൊണ്ട് അവർ തന്റെ ഉഗ്രകോപവും യുദ്ധകാഠിന്യവും അവരുടെമേൽ പകർന്നു. അത് അവരുടെ ചുറ്റും ജ്വലിപ്പിച്ചിട്ടും അവർ അറിഞ്ഞില്ല. അത് അവരെ ദഹിപ്പിച്ചിട്ടും അവർ കൂട്ടാക്കിയില്ല.(യെശ. 42: 24,25)

ഇതിന്റെ ശിക്ഷ ന്യായമാണെന്നു സമ്മതിക്കുന്നു. ആകയാൽ ദൈവമേ,നിയമവും കൃപയും പാലിക്കുന്നവനായ വലിയവനും ബലവാനും ഭയങ്കരനുമായ ഞങ്ങളുടെ ദൈവമേ, അശ്ശൂർരാജാക്കന്മാരുടെ കാലം മുതൽ ഇന്നുവരെ ഞങ്ങൾക്കും ഞങ്ങളുടെ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും, പുരോഹിതന്മാർക്കും പ്രവാചകന്മാർക്കും ഞങ്ങളുടെ പിതാക്കന്മാർക്കും നിന്റെ സർവ്വ ജനത്തിനും നേരിട്ട കഷ്ടങ്ങളൊക്കെയും നിനക്കു ലഘുവായി തോന്നരുതേ.(നെഹെ. 9.32,33). ■

നിങ്ങളുടെ ഭർത്താവ് നല്ല മനുഷ്യനാണോ?

ജോ ജോസഫ്

ഭർത്താവിന് കുടുംബത്തിലുള്ള സ്ഥാനം ഒന്നാമത്തേതാണ്. ആ സ്ഥാനം ഭർത്താവ് നന്നായി ഉപയോഗിച്ചില്ലെങ്കിൽ കുടുംബത്തിൽ പരാജയങ്ങൾ സംഭവിക്കും. പഴമക്കാർ പറയുന്ന രസകരമായ ഒരു തമാശയുണ്ട് ''നാം ഇരിക്കേണ്ടിടത്ത് നാം ഇരുന്നില്ലെങ്കിൽ ശുനകൻ കയറി ഇരിക്കും'' ഭാര്യയെ ആ സ്ഥാനത്തു സങ്കല്പിച്ചു എന്ന് ധരിക്കരുത്. സ്ത്രീകൾ പൊതുവെ നല്ലവരാണ്. അവർ ബലഹീനരും അശക്തരുമാണ്. അവരെ നല്ലതുപോലെ ഉപയോഗിച്ചില്ലെങ്കിൽ ഗുണത്തിനു പകരം ദോഷമായിരിക്കും ഫലം. 'മണ്ണും പെണ്ണും കൈവിട്ടുപോയാൽ തിരികെ കിട്ടാൻ പ്രയാസമാണ് '.

സ്ത്രീകൾ പൊതുവേ നല്ലവരാണ്. ചില മേഖലകളിൽ, എന്നാൽ പുരുഷനെക്കാൽ വേഗത്തിൽ കാര്യങ്ങൾ മനസ്സിലാക്കുവാനും, ജ്ഞാനത്തോടും, ക്ഷമയോടും ചെയ്യുവാൻ അവർക്ക് കഴിയും. എന്നാൽ വിദേശ രാജ്യങ്ങളിലെ സ്ത്രീകൾ പുരുഷന്മാരെപ്പോലെ ശക്തരാണ്. ചെറിയ പ്രായത്തിൽ പെൺകുട്ടികൾക്കു ലഭിക്കുന്ന പരിശീലനമാണ് അതിനു കാരണം.

നല്ല ഭർത്താവിന്റെ സ്വഭാവം.

പുരുഷൻ അദ്ധ്വാനിയും, കാരിരുമ്പു പോലെ ശരീരമുള്ളവനും, വജ്രംപോലെയുള്ള വാക്കുകളും, പൂപോലെയുള്ള ഹൃദയവും, പാലുപോലെയുള്ള ദയയും നല്ല പുരുഷന്റെ പ്രത്യേകതയാണ്. കുടുംബത്തിനുവേണ്ടി ജീവനകാര്യങ്ങൾ തേടിപ്പിടിക്കുന്നവനും സ്നേഹത്തിന്റെ പരിലാളനയിൽ കർക്കശമൂല്യങ്ങളിൽ കുടുംബത്തെ ഭരിക്കുന്നവനുമാണ് ഉത്തമ പുരുഷൻ. കുടുംബത്തിന്റെ പിതാവ് ആൺമക്കൾക്കും, അമ്മ പെൺ മക്കൾക്കും ദൃഷ്ടാന്തം ആണ്. അമ്മ സ്വന്തം മകനോട് നീ നിന്റെ അപ്പനെ കണ്ടു പഠിക്കുവാൻ പറയുന്ന തരത്തിൽ കുടുംബത്തിൽ സർവ്വസമ്മതനായ കാര്യസ്ഥനായി കുടുംബനാഥൻ മാറണം.

1. നല്ല ഭർത്താക്കന്മാർ ഗൗരവമുള്ളവരും പലകാര്യങ്ങളിൽ ഇടപെടുന്നവരും ആയിരിക്കുകയില്ല.
2. സ്വന്തം കുടുംബത്തിൽ അവർ അതി രസികർ ആയിരിക്കണമെന്നില്ല. എന്നാൽ പ്രതിസന്ധികൾ കടന്നുവരുമ്പോൾ ജീവൻ ത്യജിച്ചും അവർ കുടുംബത്തെ നേരിടുന്നവരായിരിക്കും.
3. സ്വന്തം കുടുംബം നോക്കാതെ മറ്റുള്ളവരുടെ കാര്യങ്ങൾ അന്വേഷിക്കുന്ന കുടുംബ നാഥൻ കളളനാണ്.
4. സ്വന്ത കുടുംബത്തിന്റെ ഗൗരവമേറിയ വിഷയങ്ങളിൽ വഴിമാറി നടക്കുന്ന ഭർത്താവ് കുടുംബ നാഥൻ ആകാൻ യോഗ്യനല്ല.
5. ഭാര്യയെക്കൊണ്ട് കൂടുതൽ ജോലിചെയ്യിപ്പിച്ച് പണം ഉണ്ടാക്കുന്ന ഭർത്താവ് ഭാവിയിൽ അവളെ തകർത്തു കളയുകയും പണക്കൊതിയനുമായിരിക്കും. അത്തരത്തിലുള്ള ഭർത്താക്കന്മാർ ഭാര്യക്ക് പ്രലോഭനങ്ങൾ നല്കുകയും വാക്കുകൾ കൊണ്ട് സന്തോഷിപ്പിക്കുകയും ചെയ്യും.എന്നാൽ ആത്മാർത്ഥത ഉള്ളവർ ആയിരിക്കില്ല.
6. ഇടയ്ക്കിടക്ക് ഭാര്യയെ വിട്ട് ദൂരയാത്ര ചെയ്യുന്ന ഭർത്താക്കന്മാർക്ക് രഹസ്യ ബന്ധത്തിന് സാധ്യത ഏറെയാണ്.
7. നല്ല ഭർത്താവിന് ഭാര്യയുടെമേൽ അധികാരമുണ്ടായിരിക്കും. (1 കൊറി. 11.3) (എഫെ. 5.23)
8. നല്ല ഭർത്താവ് ഭാര്യയെ ബഹുമാനിക്കും.
9. നല്ല ഭർത്താവ് ഭാര്യയെ സ്നേഹിക്കും.
10. നല്ല ഭർത്താവ് തന്റെ ശരീരത്തെ സ്നേഹിക്കുന്നപോലെ ഭാര്യയെ സ്നേഹിക്കും.
11. നല്ല ഭർത്താവ് ഭാര്യയുമായി കുടുംബ കാര്യങ്ങൾ ആലോചിക്കുകയും ക്രയവിക്രയങ്ങളിൽ ഒരുമിച്ചു തീരുമാനമെടുക്കും.
12. ഭാര്യയുടെ വിഷമഘട്ടങ്ങളിൽ നല്ല ഭർത്താവ് ഏറെ ആശ്വാസമായിരിക്കും. (1 ശമു. 1.8)

കുടുംബത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന സ്ത്രീകൾ നിങ്ങളുടെ കുടുംബത്തെ ഗൗരവമായ തരത്തിൽ വീക്ഷിക്കേണ്ടവരാണ്. നിങ്ങൾ അദ്ധ്വാനിക്കുന്ന പണം എങ്ങനെ ചിലവിടുന്നു എന്ന് നിങ്ങൾ അന്വേഷിക്കേണ്ടിയിരിക്കുന്നു. വിരുതനായ ഭർത്താവ് ബാങ്ക് , പ്രധാനപ്പെട്ട രേഖകൾ, സാമ്പത്തിക ചിലവുകൾ നിങ്ങളുമായി പങ്കുവെയ്ക്കുന്നില്ലെങ്കിൽ നിങ്ങൾക്കത് ഭാവിയിൽ പരാജയമാകും. ''ഉറങ്ങുന്നവരെ ഉണർത്തുവാൻ എളുപ്പമാണ്, എന്നാൽ ഉറക്കം നടിക്കുന്നവരെ ഉണർത്തുവാൻ പ്രയാസമാണ്''. ■

നാടൻ പാചകം

തങ്കം ജോൺ

കഴിഞ്ഞ ലക്കം പാചകപംക്തിയിൽ തലക്കെട്ട് മാറിയതിൽ ഖേദിക്കുന്നു. ഈ ലക്കം തിരുത്തിക്കൊടുക്കുന്നു.

ചെമ്മീൻ തീയൽ

ചെമ്മീൻ	– 1/2 കിലോ
സവാള നീളത്തിലരിഞ്ഞത്	– 200 ഗ്രാം
പച്ചമുളക് നീളത്തിലരിഞ്ഞത്	– 6 എണ്ണം
തേങ്ങ	– 1 എണ്ണം
ഉലുവ പൊടിച്ചത്	– 1/2 ടീസ്പൂൺ
മല്ലിപ്പൊടി	– 2 ടീസ്പൂൺ
കടുക്	– 1/2 ടീസ്പൂൺ
കറിവേപ്പില	– 2 തണ്ട്
വാളംപുളി	– ആവശ്യത്തിന്
ചെറിയ ഉള്ളി	– 8 എണ്ണം ചെറുതായി അരിഞ്ഞത്

തയ്യാറാക്കുന്ന വിധം.

പാനിൽ എണ്ണ ഒഴിച്ച് ചൂടാക്കുക. ഉലുവ ഇട്ട് ചുവപ്പുനിറമാകുന്നതുവരെ മൂപ്പിക്കുക, മുളകുപൊടിയും, മഞ്ഞൾപൊടിയും തേങ്ങയും ചേർക്കുക ചുവപ്പുനിറമാകുന്നതുവരെ മൂപ്പിക്കുക. വാങ്ങിവച്ച് അല്പം തണുപ്പിക്കുക. വെള്ളം ചേർക്കാതെ പൊടിക്കുക 1/4 ഗ്ലാസ് വെള്ളം ചേർത്ത് നന്നായി അരച്ചെടുക്കുക. വ്യത്തിയാക്കി വച്ചിരിക്കുന്ന ചെമ്മീനിൽ പച്ചമുളകും, ഉള്ളി അരിഞ്ഞതും, മഞ്ഞൾപൊടിയും ഉപ്പുംചേർത്ത് സാവാധാനം തിളപ്പിക്കുക. അതിനുശേഷം പുളിവെള്ളം ചേർക്കുക. തിളക്കാൻ തുടങ്ങുമ്പോൾ അരച്ചുവച്ചതു ചേർത്ത് വീണ്ടു തിളപ്പിക്കുക. കറിവേപ്പില ചേർക്കുക. വേറൊരു പാനിൽ വെളിച്ചെണ്ണ ചൂടാക്കി കടുക്, ഉലുവ, ഉള്ളി ഇവയെല്ലാംചേർത്ത് മൂപ്പിച്ച് കറിയിൽ ചേർക്കുക. ഫ്ളേവർ നഷ്ടപ്പെടാതെ പാത്രം അടച്ചുവയ്ക്കുക. ചെമ്മീൻ കറി തയ്യാർ.

വഴുതനങ്ങ മസാല

റോസ് മാത്യു

വഴുതനങ്ങ	– 12
പൊടിയായി അരിഞ്ഞ സവാള	– 2
വെളുത്തുള്ളി അല്ലി ചതച്ചത്	– അഞ്ച്
പച്ചമുളക് അറ്റം പിളർന്നത്	– മൂന്ന്
മുളകുപൊടി	ഒന്നര ചെറിയ സ്പൂൺ
മല്ലിപ്പൊടി	– രണ്ടു ചെറിയ സ്പൂൺ
മഞ്ഞൾ പൊടി	– രണ്ടു ചെറിയ സ്പൂൺ
ഉലുവാപൊടി	– കാൽ ചെറിയ സ്പൂൺ
പൊടിയായി ചിരവിയ തേങ്ങ	അരച്ചത് – അര കപ്പ്
ശർക്കര	– 50 ഗ്രാം
വാളൻപുളി വെള്ളം	– അര കപ്പ്
പാചക എണ്ണ, ഉപ്പ്, വെള്ളം	– ആവശ്യത്തിന്
മല്ലിയില	അരിഞ്ഞത് – കുറച്ച്

തയ്യാറാക്കുന്ന വിധം.

വഴുതനങ്ങ വരഞ്ഞു നാലായി പിളർക്കുക. ഇത് ഉപ്പു വെള്ളത്തിലിട്ടശേഷം കഴുകിയെടുത്തു വെള്ളമയം മുഴുവനും തുടയ്ക്കണം. ഒരു ഫ്രൈയിങ് പാനിൽ എണ്ണ ഒഴിച്ചു ചൂടാകുമ്പോൾ വഴുതനങ്ങ വഴറ്റി കോരുക. ഇതേ പാനിൽ അല്പം കൂടി എണ്ണ ഒഴിച്ചു ചൂടാകുമ്പോൾ സവാള, വെളുത്തുള്ളി,പച്ചമുളക് മുതലായവ ഇട്ട് വഴറ്റി നിറം മാറുമ്പോൾ പൊടികൾ ചേർത്തിളക്കുക. ഇതിൽ തേങ്ങ അരച്ചതുചേർത്തു തീ കുറച്ചു പുളി വെള്ളവും ഒരു കപ്പു വെള്ളവും ചേർക്കുക. തിളച്ചു തുടങ്ങുമ്പോൾ ശർക്കരയും ഉപ്പും ചേർക്കുക. നല്ലതുപോലെ തിളച്ചു ചാറു കുറുകി വരുമ്പോൾ വഴറ്റിയ വഴുതനങ്ങ ചേർത്തു പാത്രം അടച്ചു ചെറുതീയിൽ വേവിക്കുക. വറ്റി വഴുതനങ്ങയിൽ പൊതിഞ്ഞിരിക്കണം. പാനിൽ നിന്നും സേർവിങ് ഡിഷിലേക്ക് മാറ്റി മല്ലിയില മുകളിൽ വിതറി ചൂടോടെ ഉപയോഗിക്കാം.

കാനഡ സീറോ മലബാർ സഭയ്ക്ക് ആഹ്ളാദ ദിനം

മിസ്സിസാഗ: കാനഡയിലെ സീറോ മലബാർ സഭക്ക് പുത്തൻ ഉണർവു പകർന്ന് ഭാരതത്തിനു പുറത്തുള്ള പ്രഥമ എക്സാർക്കേറ്റ് പ്രഖ്യപനം. ടൊറന്റോ സെന്റ് തോമസ് മിഷനറി വികാരി കൂടിയായ റവ. ഡോ. ജോസ് കല്ലുവേലിലിനെ എക്സാർക്ക് ആയി പ്രഖ്യപിച്ചു. ഇദ്ദേഹം അഭിക്ഷിക്തനായശേഷം ടൂണീസിയയിൽ സ്ഥാനിക മെത്രാനായും അറിയപ്പെടും. ഷിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോക്കബ് അങ്ങാടിയത്താണ് ഫ്രാൻസീസ് പാപ്പയുടെ പ്രഖ്യപനം വിശ്വാവാസി സമൂഹത്തെ അറിയിച്ചത്. മാർ ജോയ് ആലപ്പാട്ടും സന്നിഹീതനായിരുന്നു. കോട്ടയം കുറവിലങ്ങാട് സ്വദേശിയായ റവ. ഡോ. ജോസ് കല്ലുവേലിൽ, ജോസഫിന്റെയും അന്നമ്മയുടെയും പുത്രനാണ്.

കാനഡയിലെ മുപ്പത്തയ്യായിരത്തിലേറെ വരുന്ന സീറോ മലബാർ വിശ്വാസികൾക്ക് സ്വന്തമായി വേണ്ടത്ര പളളികളോ സ്ഥാപനങ്ങളോ ഇല്ലാത്തതിനാലാണ് സ്വതന്ത്ര ചുമതലയുടെ ആദ്യ പടിയായി എക്സാർക്കിയേറ്റ് രൂപികരണ പ്രഖ്യാപനം.

ലാനയുടെ പത്താമത് നാഷണൽ കൺവൻഷൻ ഡാലസിൽ

ഡാലസ്: ലാനയുടെ പത്താമത് നാഷണൽ കൺവൻഷൻ ഡാലസിലുള്ള ഏട്രിയം ഹോട്ടൽ & സ്യൂട്ട്സിൽ വെച്ച് 2015 ഒക്ടോബർ 30,31, നവംബർ 1 തീയതികളിൽ നടത്താൻ നിശ്ചയിച്ചു. കൺവൻഷന്റെ ചെയർമാൻ ജോസ് ഓച്ചാലിലും, ഏബ്രാഹാം തെക്കേമുറി കോചെയർമാനായും പ്രവർത്തിച്ചു വരുന്നു.

വടക്കേ അമേരിക്കയിലുള്ള മലയാളി എഴുത്തുകാരുടെ ഏക ദേശീയ സംഘടനയാണ് ലാന. പത്ത് വർഷങ്ങൾക്കുശേഷം ഡാലസിൽവെച്ചു നടക്കുന്ന ഒരു കൺവൻഷൻ കൂടിയാണ്.

മലയാളികൾക്ക് ഒരു സന്തോഷ വാർത്ത

പുതിയവീടുകൾ നിർമ്മിക്കുന്നവർക്കും പഴയ വീടുകളുടെ അറ്റകുറ്റപണികൾ നടത്തുന്നവർക്കുമായി എയർ കണ്ടീഷൻ ജോലികൾ ഉത്തരവാദിത്വത്തോടുകൂടി ചെയ്തു കൊടുക്കപ്പെടുന്ന സ്ഥാപനം "വെതർ കൂൾ" നിങ്ങളെ സഹായിക്കുന്നു. ടെക്സാസ്സ് സ്റ്റേറ്റിൽ ഏറ്റവും ചുരുങ്ങിയ നിരക്കിലും 24 മണിക്കൂറും സർവീസും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക (ഡാനി – 281 804 1833)

Weather Cool Inc
Air Conditioning · Heating · Refrigeration

ആധുനിക സൗകര്യങ്ങളോടുകൂടിയ ഫ്ളാറ്റുകൾ കൊച്ചിയിൽ

TOLINHOMES
VILLAS & APARTMENTS PVT. LTD.
Move-in with us

ആധുനിക സൗകര്യങ്ങളോടുകൂടിയതും പ്രവാസി മലയാളികളുടെ ഇഷ്ടത്തിൽ നിർമ്മിച്ചതുമായ ഫ്ളാറ്റുകൾ 'ടൗൺ ഹോസ്' നിങ്ങൾക്കായി ഒരുക്കുന്നു. 2015 ഡിസംബറിനു മുമ്പ് ബുക്കു ചെയ്യുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് – സിജു അഗസ്റ്റിൻ 972 342 2789

ദാമ്പത്യം മധുരതരം

ജാൻസി ജെയിംസ്

ദാമ്പത്യത്തിന്റെ മധുരം നുണയുന്നവർ ജീവിതത്തിൽ ദീർഘകാലം മധുരം നുണയുന്നു. അഥവാ ജീവിതത്തിൽ മധുവിധു ദീർഘകാലം ആസ്വദിക്കുന്നു.

കുടുംബ ജീവിതത്തിൽ എപ്പോഴും പിടിമുറുക്കാൻ സാധ്യത ഉള്ള ഒന്നാണ് നിരാശ. പ്രതീക്ഷിക്കുന്നതുപോലെ കാര്യങ്ങൾ മുന്നോട്ട് പോയില്ലെങ്കിൽ അത് ദമ്പതികൾക്കിടയിൽ വലിയ നിരാശ സൃഷ്ടിക്കും. കുടുംബ ജീവിതത്തിന്റെ തകർച്ചയിലേക്കായിരിക്കും അത് നയിക്കപ്പെടുക.

അവിവാഹിതരായി ജീവിക്കുന്നവരെക്കാൾ ആയുസും ആരോഗ്യവും കുടുംബജീവിതം നയിക്കുന്നവരിൽ ആണ് ഉള്ളതെന്ന കണ്ടെത്തൽ ശാസ്ത്രലോകത്തിന് പുതിയ അറിവാണ്. അവിവാഹിതരായിക്കഴിയുന്നവർ എത്ര ചിട്ടയായ ജീവിതം നയിച്ചാലും വിവാഹജീവിതം നയിക്കുന്നവരേക്കാൾ ആരോഗ്യം കുറഞ്ഞവരായി കാണപ്പെടുന്നുവെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു.

1989 നും 1997നും ഇടയിൽ പ്രായം തികഞ്ഞുമരിച്ച 67000 അമേരിക്കക്കാരുടെ മരണസർട്ടിഫിക്കറ്റ് പഠിച്ച തിനുശേഷമാണ് വിവാഹവും ആയുസും തമ്മിലുള്ള ബന്ധത്തിന്റെ വിവിധ വശങ്ങൾ കണ്ടെത്തിയത്. വിവാഹശേഷം ബന്ധം വിഛേദിക്കുന്നവരിലും അവിവാഹിതരെക്കാൾ ആയുസ് ഉണ്ടെന്ന് കണ്ടെത്തി. ചുരുക്കത്തിൽ ആരോഗ്യകരമായ ജീവിതത്തിന് വിവാഹം ഒരു അനിവാര്യ ഘടകമാണെന്നാണ് പറയുന്നത്.

വിവാഹത്തിന് ജീവിതത്തിൽ ഉള്ള പ്രാധാന്യം പലരും കരുതുന്നതിനേക്കാൾ കൂടുതലാണെന്ന് ഗവേഷകർ പറയുന്നു. ഏകാന്തജീവിതം അഥവാ ഒറ്റയ്ക്കുള്ള ജീവിതം നയിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ ഈ പഠനത്തിന്റെ പ്രസക്തി വലുതാണ്. ജീവിതപങ്കാളിയോടൊത്തുള്ള ജീവിതത്തിന് യുവതലമുറയിൽ പണ്ടുള്ളത്ര ആകർഷകണീയതയില്ല.

ജീവിതത്തിന്റെ പല മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവർ ഏകാന്തപഥികരാണ്. കലാകാരന്മാർ, എഴുത്തുകാർ, രാഷ്ട്രതന്ത്രജ്ഞർ തുടങ്ങിയവർ വിവാഹ ജീവിതത്തോട് വിരക്തി കാട്ടുന്നവരിൽ മുന്നിലാണ്. ഇങ്ങനെ ഏകാന്തപഥികരായി ജീവിക്കുന്നവരുടെ ആരോഗ്യവും ആയുസും കുറയുന്നുവെന്നാണ് പഠനം പറയുന്നത്.

ദാമ്പത്യത്തിന്റെ മധുരം നുണയുന്നവർ ജീവിതത്തിൽ ദീർഘകാലം മധുരം നുണയുന്നു. അഥവാ ജീവിതത്തിൽ മധുവിധു ദീർഘകാലം ആസ്വദിക്കുന്നു. വിവാഹബന്ധങ്ങളോട് വിരക്തിയുള്ളവരും നിസാരകാര്യങ്ങൾക്ക് ജീവിതബന്ധം വേർപ്പെടുത്തുന്നവരും പഠനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ മനസ്സിലാക്കേണ്ടതാണ്.

കുടുംബ ജീവിതത്തിൽ എപ്പോഴും പിടിമുറുക്കാൻ സാധ്യത ഉള്ള ഒന്നാണ് നിരാശ. പ്രതീക്ഷിക്കുന്നതുപോലെ കാര്യങ്ങൾ മുന്നോട്ട് പോയില്ലെങ്കിൽ അത് ദമ്പതികൾക്കിടയിൽ വലിയ നിരാശ സൃഷ്ടിക്കും. കുടുംബ ജീവിതത്തിന്റെ തകർച്ചയിലേക്കായിരിക്കും അത് നയിക്കപ്പെടുക.

നിരാശപ്പെടരുതെന്ന് നമുക്ക് ചുറ്റുമുള്ള നിരവധി ജീവിത ഉദാഹരണങ്ങൾ നമ്മെ പഠിപ്പിക്കുന്നു. സന്ധികളിലെല്ലാം നീർക്കെട്ടും കഠിനമായ വേദനയും കൈകാലുകൾ അനക്കാൻ പാടില്ലാതെയും വിരലുകൾ കോടിയും മടങ്ങിയുമുള്ള അവസ്ഥയിൽ പ്രശസ്ത ഫ്രെഞ്ചു ചിത്രകാരനായ 'പിയറി ആഗസ്തേ' ചക്രകസേരയിൽ ഇരുന്ന് കാൻവാസിന്റെ മുമ്പിൽ നിരങ്ങി നീങ്ങി തീവ്രമായ വേദന കൊണ്ടു വിറയ്ക്കുന്ന വിരൽ തുമ്പുകളിൽ ബ്രഷ് പിടിച്ച് കഷ്ടപ്പെട്ട് ചിത്രങ്ങൾ വരച്ചു. ''ഇത്ര കഷ്ടപ്പെട്ട് നീ എന്തിന് ചിത്രങ്ങൾ വരയ്ക്കുന്നു?'' എന്ന സ്നേഹിതന്റെ ചോദ്യത്തിന് മറുപടിയായി ''വേദന അങ്ങനെ കടന്നു പോകും ഞാനും പോകും പക്ഷേ ഈ ചിത്രങ്ങളുടെ സൗന്ദര്യം നിലനിൽക്കും.''

''ദൈവം നിങ്ങളുടെ എല്ലാ കുറവുകളും ക്ഷമിക്കുന്നു. പക്ഷേ നിങ്ങളുടെ നിരാശ മാത്രം പൊറുക്കുകയില്ല.'' മയേഴ്സ് എന്ന ലേഖകൻ എഴുതിയ ഈ വാക്യം നമ്മൾ പ്രത്യാശയുള്ളവരായി ജീവിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്കു വിരൽ ചൂണ്ടുന്നു. നിരാശ ക്ഷമിക്കപ്പെടാത്ത പാപമാണ്. എന്തെന്നാൽ ദൈവത്തിന്റെ പ്രവർത്തനത്തിനെതിരായി സമരം ചെയ്യുന്ന ശക്തികൾക്കു നിങ്ങൾ കീഴ്പ്പെടുകയാണ് നിരാശാബദ്ധരായിത്തീരുന്നതുമൂലം ചെയ്യുന്നത്.

''നിരാശ എന്നതു ദൈവത്തിന്റെ പ്രകാശത്തിൽ നിന്നുള്ള ബോധപൂർവ്വമായ പിൻതിരിയലാണ്'' എന്ന് 'പേഷ്യൻസ് സ്ട്രോങ്ങ്' എന്ന ഗ്രന്ഥകാരൻ പറയുന്നു. ദൈവത്തിന്റെ വെളിച്ചത്തിൽ നിന്നു മനഃപൂർവ്വം വഴിമാറി ഇരുട്ടിനെ ആശ്ലേഷിക്കുന്നത് അക്ഷന്തവ്യമായ അപരാധം തന്നെയാണ്.

നിരാശയെ ന്യായീകരിക്കത്തക്ക ഒരു കുരിശും ജീവിതത്തിൽ നേരിടുന്നില്ല. ശുഭാപ്തി ചിന്തകൊണ്ടും വിശ്വാസം കൊണ്ടും മറി കടക്കാൻ കഴിയുന്ന ഒരത്യാഹിതവുമില്ല. ദൈവത്തിന്റെ മുമ്പിൽ അർപ്പിക്കുവാൻ കഴിയാത്തതും പരിത്രാണാർത്ഥമുള്ള ഏതെങ്കിലും ഉദ്ദേശ്യത്തിനുവേണ്ടി ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയാത്തതുമായ ഒരു വേദനയും കഠിനമായ പോരാട്ടവുമില്ല നമ്മുടെ ജീവിതത്തിൽ. നിങ്ങൾക്ക് ഇപ്പോൾ നേരിടേണ്ടി വന്നിരിക്കുന്ന പ്രശ്നം എത്ര തന്നെ വിഷമമേറിയതായിക്കൊള്ളട്ടെ, അത് പരിഹരിക്കാനാകാത്തതാണെന്നുള്ള ധാരണയാൽ വഞ്ചിതരാകരുത്. ദൈവത്തിലാശ്രയിച്ച് ദൈവസന്നിധിയിൽ നിങ്ങളുടെ പ്രശ്നങ്ങൾ കുടുംബമായി നിങ്ങൾ പ്രാർത്ഥിക്കുക. ദൈവം പരിഹാരം നല്കുക തന്നെ ചെയ്യും. ■

വൈവാഹികം

പുരാതന കുടുംബത്തിലെ 27 വയസ്സുള്ള എംബിബിഎസ് പഠനം പൂർത്തിയാക്കി പിജി ചെയ്തുകൊണ്ടിരിക്കുന്ന സുന്ദരിയായ പെന്തക്കോസ്തു യുവതി അമേരിക്കയിൽ ജോലിയുള്ളതും, സഭാ കാര്യങ്ങളിലും മിഷണറി പ്രവർത്തനത്തിലും താൽപ്പര്യമുള്ള ഡോക്ടേഴ്സ് ആയിട്ടുള്ള പെന്തക്കോസു വിഭാഗത്തിൽപ്പെട്ട യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233 കോഡ് നമ്പർ 0031.

അമേരിക്കയിൽ ജോലിചെയ്യുന്ന ഓർത്തഡോക്സ് യുവാവ് 30 വയസ്സ് അമേരിക്കയിലുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233കോഡ് നമ്പർ 0032.

ബിടെക് കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച കത്തോലിക്കാ യുവതി, 27 വയസ്സ്, സാമ്പത്തികം പ്രശ്നമല്ല, ഉന്നത വിദ്യാഭ്യാസമുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233 കോഡ് നമ്പർ 0033

ദുബയിൽ എംബിഎ കഴിഞ്ഞ് പ്രമുഖ സ്ഥാപനത്തിൽ ജോലിചെയ്യുന്ന ഓർത്തഡോക്സ് യുവാവ് 29 വയസ്സ് , ദുബയിൽ ജോലിയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ – 215 544 1233, കോഡ് നമ്പർ 0034

ഇന്ത്യയിൽ മിഷണറി പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്ന പ്രമുഖ പെന്തക്കോസ്തു കുടുംബത്തിലെ 24 വയസ്സുള്ള യുവതി, ഏക മകൾ , അമേരിക്കയിൽ മാതാപിതാക്കളോടൊപ്പം താമസിച്ച് അദ്ധ്യാപികയായി ജോലി ചെയ്യുന്നു. ജോലിയോടൊപ്പം ഇന്ത്യയിൽ മിഷണറി പ്രവർത്തനം നടത്തുവാൻ ആഗ്രഹമുള്ള അമേരിക്കയിൽ നിന്നുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ – 215 544 1233, കോഡ് നമ്പർ 0035.

കഴിഞ്ഞ 25 വർഷമായി അമേരിക്കയിൽ സ്ഥിരതാമസമാക്കിയ കുടുംബത്തിലെ 25 വയസ്സുള്ള മാർത്തോമ്മാ യുവതി ഏക മകൾ അമേരിക്കയിൽ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബന്ധപ്പെടേണ്ട നമ്പർ 408 687 8098, കോഡ് നമ്പർ 0036

ബാഗ്ളൂരിൽ ബിഡിഎസ് കഴിഞ്ഞ് പിജി ചെയ്തുകൊണ്ടിരിക്കുന്ന സുന്ദരിയായ 24 വയസ്സുള്ള സിഎസ്ഐ വിഭാഗത്തിൽപ്പെട്ട യുവതിക്ക് ബാംഗളൂരിൽ നിന്നുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ – 215 544 1233, കോഡ് നമ്പർ 0037.

മദ്രാസ് ഐഐറ്റിയിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നേടിയ 29 വയസ്സുള്ള യുവാവ് നാടാർ ക്രിസ്ത്യൻ, അമേരിക്കയിൽ നിന്നുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233, കോഡ് നമ്പർ 0038

വൻ സാമ്പത്തികമുള്ള ബിസിനസ് കുടുംബത്തിലെ 28 വയസ്സുള്ള ഏക മകൾ കാലിന് സ്വാധീനക്കുറവ് വിദ്യാഭ്യാസം ബി.എ വിദേശത്തു ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233, കോഡ് നമ്പർ 0039

ഹൈന്ദവ കുടുംബത്തിൽ നിന്ന് വിശ്വാസത്തിൽ വന്ന ബിഎസി നേഴ്സ് ഗൾഫിൽ ജോലി ചെയ്യുന്നു. അമേരിക്കയിൽ നിന്നുള്ള വിശ്വാസത്തിലുള്ള മാതാപിതാക്കളുടെ യുവാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233, കോഡ് നമ്പർ 0040

52 വയസ്സുള്ള ബാദ്ധ്യതയില്ലാത്ത അമേരിക്കൻ മർത്തോമ്മ മധ്യ വയസ്ക്കൻ മലയാളി, നല്ല സാമ്പത്തികം, അമേരിക്കയിലേ, നാട്ടിലോ ഉള്ള 40 വയസ്സിൽ കൂടുതൽ പ്രായമുള്ള ബാദ്ധ്യതയില്ലാത്ത സ്ത്രീകളിൽ നിന്നോ അവരുടെ മാതാപിതാക്കളിൽനിന്നോ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 214 793 8341. കോഡ് നമ്പർ 0041

തന്റേതല്ലാത്ത കാരണത്താൽ വിവാഹം ബന്ധം വേർപെടുത്തിയ 40 വയസ്സുള്ള രണ്ടു കുട്ടികളുള്ള യോഗ്യനായ ഓർത്ത ഡോക്സ് യുവാവ് (പി എച്ച്ഡി) അമേരിക്കയിലെ പ്രമുഖ സ്ഥാപനത്തിൽ ജോലിചെയ്യുന്നു. നാട്ടിലോ, അമേരിക്കയിലോ ഉള്ള കാഴ്ചയ്ക്കു യോഗ്യതയുള്ള സ്വതന്ത്ര ചിന്താഗതിയുള്ള യുവതികളിൽ നിന്നോ മാതാപിതാക്കളിൽനിന്നോ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233 കോഡ് നമ്പർ 0042

45 വയസ്സുള്ള സ്വന്തമായി അമേരിക്കയിൽ സ്ഥാപനം നടത്തുന്ന 2 കുട്ടികളുള്ള മദ്ധ്യവയസ്കയ്ക്ക് അമേരിക്കയിൽനിന്നുള്ള 50 വയസ്സോ അതിൽ കൂടുതലോ ഉള്ള ബാദ്ധ്യതയില്ലാത്ത പുരുഷന്മാരിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233 കോഡ് നമ്പർ 0043.

തന്റേതല്ലാത്ത കാരണത്താൽ വിവാഹ ബന്ധം വേർപെടുത്തിയ ബാദ്ധ്യതയില്ലാത്ത അമേരിക്കയിൽ സ്ഥിരതാമസമാക്കിയ 48 വയസ്സുള്ള ഓർത്തഡോക്സ് ഐറ്റി എൻജീനിയർ അമേരിക്കയിൽ ബാദ്ധ്യതയില്ലാത്ത യുവതികളുടെ രക്ഷിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233, കോഡ് നമ്പർ 0044.

40 വയസ്സുള്ള അമേരിക്കയിൽ ഗ്രീൻ കാർഡുള്ള കത്തോലിക്കാ യുവാവ് പ്രമുഖ സ്ഥാപനത്തിൽ ജോലിചെയ്യുന്നു. ആദ്യ വിവാഹം, അമേരിക്കയിൽ തന്നെയുള്ള കത്തോലിക്കാ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233 കോഡ് നമ്പർ 0045.

കത്തോലിക്കാ വിശ്വാസിയും ഡോക്ടറുമായ 37 വയസ്സുള്ള തന്റേതല്ലാത്ത കാരണത്താൽ വിവാഹ ബന്ധം വേർപെടുത്തിയ യുവതിക്ക്, ഡോക്ടർ ആയിട്ടുള്ള കത്തോലിക്കാ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233 കോഡ് നമ്പർ 0046.

കത്തോലിക്കാ സഭാ വിശ്വാസിയും തന്റേതല്ലാത്ത കാരണത്താൽ ബന്ധം വേർപെടുത്തിയതും, 34 വയസ്സുള്ള ആർ.എൻ.നേഴ്സ് അമേരിക്കയിലുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233 കോഡ് നമ്പർ 0047.

തന്റെതല്ലാത്ത കാരണത്താൽ വിവാഹം ബന്ധം വേർപെടുത്തിയ ഉന്നത വിദ്യാഭ്യാസവും പ്രമുഖ ക്രൈസ്തവ കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ട സമർത്ഥനും യോഗ്യനുമായ ഓർത്ത ഡോക്സ് യുവാവ്, 39 (3 കുട്ടികൾ ആദ്യ ഭാര്യയോടൊപ്പം) അമേരിക്കയിൽ ബാദ്ധ്യതയില്ലാത്ത യുവതികളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ 215 544 1233 കോഡ് നമ്പർ 0048.

Arabian Legend REALTORS PVT LTD

ലെജൻഡ് ഗ്രൂപ്പ് എന്ന വിസ്മയം
ലെജൻഡ് ജോസ്വാന

ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ലെജൻഡ്, റിയൽ എസ്റ്റേറ്റ്, കൺസ്ട്രക്ഷൻ, എച്ച് ആർ കൺസൽട്ടൻസി, ജനറൽ ട്രേഡിംഗ്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ആരോഗ്യം, മറൈൻ എൻജിനീയറിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രശസ്തമായ ബിസിനസ് ഗ്രൂപ്പാണ്. യൂറോപ്പ്, യു.കെ. അമേരിക്ക, ജപ്പാൻ , ചൈന കൂടാതെ 27 രാജ്യങ്ങളിൽ ലെജൻഡിന്റെ സാന്നിധ്യമുണ്ട്. ജെജെ എസ് കോൺട്രാക്റ്റിങ്ങ് മിറ്റ്സുക്കി ജനറൽ ട്രേഡിംഗ്. ലെജൻഡ് ഇന്റർനാഷണൽ കൺസൾട്ടന്റസ്, മദർ കെയർ ക്ലീനിംഗ് സർവീസസ് എന്നിങ്ങനെ ഒട്ടേറെ കമ്പനികൾ ലെജൻഡിന്റെ കീഴിലുണ്ട്.

സ്വന്തമായി അപ്പാർട്ട്മെന്റുകളും, വില്ലകളും ഹോസ്പിറ്റലുകളും സ്കൂളുകളും വാട്ടർ തീം പാർക്കുകളും, മാളുകളും നിർമ്മിക്കുന്ന റിയൽ എസ്റ്റേറ്റ് ഡിവിഷനായ ലെജൻഡ് ഇന്റർനാഷണൽ റിയൽ എസ്റ്റേറ്റ് കമ്പനി തുടങ്ങിയവയും പ്രവർത്തിക്കുന്നു.

വിവിധ രാജ്യങ്ങളിലായി ഇതുവരെ 393 പ്രോജക്റ്റുകൾ പൂർത്തിയാക്കിയ ലെജൻഡിന്റെ കേരളത്തിലെ ആദ്യ സംരംഭമാണ് തൃപ്പൂണിത്തുറയിൽ ഉയരുന്ന ലെജൻഡ് ജോസ്വാന. ഇത് 75 അപ്പാർട്ട്മെന്റുകളുടെ സമുച്ചയമാണ്. കാറ്റാടി, സൗരോർജം എന്നീ മാർഗങ്ങളിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഹൈബ്രിഡ് നാചുറൽ പവർ ബാക്കപ്പ് സംവിധാനമാണ് ഇതിന്റെ ഹൈലൈറ്റ്. ഇന്ത്യയിൽ ആദ്യമായാണ് ഹൈബ്രിഡ് പവർ ബാക്കപ്പ് ഉപയോഗിക്കുന്നത്.

15 നിലയിലുള്ള ഈ ലക്ഷ്വറി ഫ്ളാറ്റുകളുടെ നിർമാണം 18 മാസത്തിനുള്ളിൽ പൂർത്തിയാക്കി മറ്റ് ജില്ലകളിലും പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കാനാണ് പുതിയ സംരംഭം. തികച്ചും അറേബ്യൻ സ്റ്റൈലിൽ രൂപപ്പെടുത്തിയ ജോസ്വാനയിൽ മൂന്നു വേഗതകൂടിയ ലിഫ്റ്റുകളും, സ്വിമ്മിംഗ പൂൾ, ഹെൽത്ത് ക്ലബ്ബ്, കുട്ടികൾക്കുവേണ്ടിയുള്ള കളിസ്ഥലം, 24 മണിക്കൂറും ജനറേറ്റർ ലഭ്യത, പാർട്ടിക്കുവേണ്ടിയുള്ള സ്ഥലം, യോഗ, മെഡിറ്റേഷൻ എന്നിവക്കുവേണ്ടിയുള്ള പ്രത്യേക സ്ഥലം മുതലായവ ലെജൻഡ് ജോസ്വാനയുടെ പ്രത്യേകതയാണ്. അടുത്ത സംരംഭവും ഒരു വില്ലായാണ് അത് കൊച്ചിയിൽത്തന്നെ ആയിരിക്കും.

ഇതിന്റെ മാനേജിംഗ് പാർട്ട്ണർ ജോജി മാത്യുവാണ്. ■

അറിയിപ്പ്

യുഎസ് ട്രിബ്യൂൺ ഒരു ആത്മീയ പ്രസിദ്ധീകരണമാണ്. ഭാരിച്ച ചിലവ് ഈ പ്രസിദ്ധീകരണത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. മാന്യ വായനക്കാർ നിങ്ങളുടെ സംഭാവനകളും മറ്റു സഹായങ്ങളും ഈ പ്രവർത്തനത്തിന് നല്കുന്നത് ആശ്വാസമായിരിക്കും. വരിസംഖ്യ നൽകാത്തവർ ദയവായി വരിസംഖ്യ അയച്ചുതന്ന് സഹായിച്ചാലും.

വറുഗീസ് മാത്യു, യുഎസ് ട്രിബ്യൂൺ, പി.ഒ ബോക്സ് 521120, പിഎ 19115, ഫിലാഡൽഫിയ. ഫോൺ – 215 544 1233
ഇമെയിൽ- info@ustribuneonline.org www.ustribuneonline.org

വഞ്ചന

ആത്മീകമായ വഞ്ചനകൾ ഭൗതികമായ വഞ്ചനകൾ

ഫിലിപ്പോസ് തോമസ്

ജീവിതത്തിൽ ഒരിക്കലെങ്കിലും വഞ്ചിക്കപ്പെടാത്ത മനുഷ്യർ ചുരക്കമാണ്. അതിന്റെ പ്രധാന സൂത്രധാരകർ മനുഷ്യരുമാണ്. പ്രധാനമായും മനുഷ്യർ വഞ്ചിക്കപ്പെടുന്നത് പണത്തിനുവേണ്ടി, അധികാരത്തിനു വേണ്ടി, ജഡഇച്ഛകൾക്കുവേണ്ടി തുടങ്ങിയവയാണ്. ഒരുവൻ തനിക്കുതന്നേ നേട്ടമുണ്ടാക്കുവാൻ അന്യായമായി ഒരുവന്റെ മുതലോ, സ്ഥാനമോ, അഭിവൃദ്ധിയോ അവരറിയാതെ ഉപായത്തിൽ തട്ടിയെടുക്കുന്നു.

വഞ്ചന ആരംഭിച്ചത് മനുഷ്യന്റെ ഉത്ഭവത്തിൽ തന്നെയാണ്. വേദപുസ്തക പഠിതാക്കളായ നാം മനസ്സിലാക്കുന്ന സത്യം ഏദേൻ പറുദീസയിൽ പാമ്പിനാൽ വഞ്ചിക്കപ്പെട്ട ഹൗവ്വയും ആദവുമാണ്. അതുകൊണ്ട് തീർന്നില്ല, കയീനും ഹാബെലും നന്മ ലഭിക്കുമോന്ന് ഭയപ്പെട്ട് സ്വന്ത സഹോദരനെ കൊലപ്പെടുത്തിയ കയീൻ, ഇഷ്ടപ്പെട്ട മകനുവേണ്ടി ഉപായം പറഞ്ഞുകൊടുത്ത യാക്കോബിന്റെ അമ്മ, നിറമുള്ള പായസത്തിനുവേണ്ടി വഞ്ചിക്കപ്പെട്ട യേശാവ് എന്ന സഹോദരൻ.

വഞ്ചനയെക്കുറിച്ചു വർണ്ണിച്ചാൽ അത് വരുന്ന സാഹചര്യങ്ങൾ :

കൂടുതലും സ്വന്ത കുടുംബത്തിൽനിന്നോ, മാതാപിതാക്കളിൽനിന്നോ, സഹോദരനോ, സഹോദരിയിൽ നിന്നോ, സ്വന്ത കൂട്ടുകാരിൽനിന്നാകാം, ജോലി ചെയ്യുന്ന സ്ഥാപനത്തിൽനിന്നാകാം, അധികാരത്തിൽ ഇരിക്കുന്നവർ തമ്മിലാകാം. പാപത്തിന്റെ ഫലമാണ് വഞ്ചന. വീണ്ടെടുക്കപ്പെടാത്ത മനുഷ്യൻ ഈ ലോകത്തിലെ അവന്റെ ശരീരവും ഇച്ഛകളും സ്വാർത്ഥതയും വഞ്ചനയും നിറഞ്ഞതാണ്.

ആരെല്ലാമാണ് വഞ്ചകർ ?

1. ഒരുവന് നന്മയുണ്ടാകുമ്പോാൾ അതിൽ ആഹ്ലാദിക്കുവാൻ കഴിയാത്ത ആരായാലും അവർ ശുദ്ധ ഹൃദയ മുള്ളവരല്ല.
2. മറ്റൊരാൾക്ക് നന്മ വരുമ്പോൾ അവർക്ക് മുതൽ മുടക്കില്ലാത്തതും എന്നാൽ ആ നന്മയെ തട്ടിക്കളയുന്നവരും വഞ്ചകരാണ്.
3. മറ്റൊരാളെക്കുറിച്ച് അറിയാത്ത കാര്യങ്ങൾ കേട്ടറിവുവച്ച് മറ്റുള്ളവർക്കെതിരായി അഭിപ്രായം പറയുന്നവർ വഞ്ചകരാണ്.
4. ഒരാൾക്ക് അർഹതപ്പെട്ടത് തന്റെ ഉയർച്ചയ്ക്കുവേണ്ടി മറ്റൊരാളെ സ്വാധീനിച്ച് കവർന്നെടുത്താൽ അവർ വഞ്ചകരാണ്.
5. സ്നേഹിതരെയും സഹോദരങ്ങളെയും, ബന്ധുമിത്രാതികളെയും തമ്മിൽ പിരിക്കുന്നവർ വഞ്ചകരാണ്.
6. ഏഷണി പറയുന്നവർ, ഉപായം പറഞ്ഞുകൊടുക്കുന്നവർ, കള്ളസാക്ഷി പറയുന്നവർ, തെറ്റുകണ്ടാൽ അത് ഓർപ്പിക്കാത്തവർ, വഞ്ചകരാണ്.
7. ഒരു മനുഷ്യൻ ഉന്നത സ്ഥാനത്തിരിക്കുമ്പോൾ അവൻ തന്റെ സഹോദരങ്ങളെയോ ബന്ധുമിത്രങ്ങളെയോ സഹായിക്കുവാൻ സാവാകാശം ഉള്ളപ്പോൾ അത് ചെയ്യാത്തവർ വഞ്ചകരാണ്.
8. സ്നേഹിക്കുന്നവരെ അവരുടെ ബലഹീനതയെ ചൂഷണം ചെയ്യുന്നവർ വഞ്ചകരാണ്.

വഞ്ചന ആരംഭിച്ചത് മനുഷ്യന്റെ ഉത്ഭവത്തിൽ തന്നെയാണ്. വേദപുസ്തക പഠിതാക്കളായ നാം മനസ്സിലാക്കുന്ന സത്യം ഏദേൻ പറുദീസയിൽ പാമ്പിനാൽ വഞ്ചിക്കപ്പെട്ട ഹൗവ്വയും ആദവുമാണ്.

വേദപുസ്തകത്തിൽ ഇപ്രകാരം പറയുന്നു. ''നന്മ ചെയ്യുന്നവനില്ല. ഒരുത്തൻ പോലും ഇല്ല. അവരുടെ തൊണ്ട, തുറന്ന ശവക്കുഴി, നാവുകൊണ്ടു അവർ ചതിക്കുന്നു''(റോമാ ലേഖനം. 3. 13) (1)വഞ്ചന നാവിനാൽ വരുന്നു.

(2) ദൈവം എറ്റവും വെറുക്കുന്ന സ്വഭാവം. ''ഭോഷ്ക്കു പറയുന്നവരെ നീ നശിപ്പിക്കും, രക്തപാതകവും ചതിവു മുള്ളവൻ യഹോവക്കു അറെപ്പാകുന്നു''(സങ്കീ. 5.6.)

(3) മനുഷ്യന്റ വക്രഹൃദയത്തിന്റെ സ്വഭാവം വഞ്ചന. ''ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷമമുള്ളതും, അതു ആരാഞ്ഞറിയുന്നവർ ആർ? ''(യിരെമ്യ. 17.9)

(4) സ്വർഗ്ഗവും ദൈവവും ഏറെ വിരോധിക്കപ്പെട്ടതാണ് വഞ്ചന.

(5) മറ്റുള്ളവരെ വഞ്ചിക്കപ്പെടുന്നവർ ഭാവിയിൽ വലിയ വില നൽകേണ്ടി വരും. വഞ്ചിതരായവരുടെ കണ്ണുനീർ വഞ്ചിച്ച ആളുകളുടെ തലമുറ തലമുറയെ വേട്ടയാടും.

വഞ്ചകരുടെ സ്വഭാവം.

1. അവർ ദുഷ്ടന്മാരാണ്. ''അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബുദ്ധിയുംനിറഞ്ഞവർ, അസൂയ, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ''(റോമ 1.29).
2. അവർ നിരൂപിക്കുകയും സംസാരിക്കുകയും ചെയ്യുന്നു. ഒരിക്കൽ വഞ്ചന തുടർന്നാൽ അവർ അതിൽ വളരുകയും അതു തന്നെ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. നിങ്ങൾ മറ്റുള്ളവരിൽ വരുത്തിവയ്ക്കുന്ന കഷ്ടതകൾ ഇവർ ഉള്ളുകൊണ്ടു സന്തോഷിക്കുകയും മുഖസ്തുതി പറയുന്നവരുമായിരിക്കും.
3. ആത്മീയ ലോകത്തിന്റെ വഞ്ചന. വ്യാജ ഉപദേഷ്ടാക്കൾ മനുഷ്യരെ വശീകരിക്കുന്നു. ഉദാഹരണങ്ങൾ പിശാച്. ''യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പു കൗശലമേറിയതായിരുന്നു. അതു സ്ത്രീയോട് – തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. സ്ത്രീ പാമ്പിനോട് തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന് തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയുംഅരുത്, എന്നു ദൈവം കല്പിച്ചിട്ടുണ്ട്.(ഉത്പത്തി 3.1-4)

ജോസഫിന്റെ സഹോദരന്മാർ . ''പിന്നെ അവർ ഒരു കോലാട്ടുകൊറ്റനെ കൊന്നു, യോസേഫിന്റെ അങ്കി എടുത്തു രക്തത്തിൽ മുക്കി. അവർ നീല അങ്കി തങ്ങളുടെ അപ്പന്റെ അടുക്കൽ കൊടുത്തയച്ചു. ഇതു ഞങ്ങൾക്കു കണ്ടുകിട്ടി. ഇതു നിന്റെ മകന്റെ അങ്കി അല്ലയോ എന്നു നോക്കേണം എന്നു പറഞ്ഞു. അവൻ അതു തിരിച്ചറിഞ്ഞു. ഇതു എന്റെ മകന്റെ അങ്കി തന്നെ. ഒരു ദുഷ്ടമൃഗം അവനെ തിന്നു കളഞ്ഞു. യോസേഫിനെ പറിച്ചുകീറിപ്പോയി എന്നു പറഞ്ഞു. യാക്കോബ് വസ്ത്രം കീറി, അരയിൽ രട്ടു ശീല ചുറ്റി ഏറിയനേരം തന്റെ മകനെച്ചൊല്ലി ദു:ഖിച്ചുകൊണ്ടിരുന്നു. അവന്റെ പുത്രന്മാരും പുത്രിമാരും എല്ലാം ആശ്വസിപ്പിപ്പാൻ വന്നു, അവനോ ആശ്വാസം കൈക്കൊള്ളുവാൻ മനസ്സില്ലാതെ ഞാൻ ദു:ഖത്തോടെ എന്റെ മകന്റെ അടുക്കൽ പാതാളത്തിൽ ഇറങ്ങുമെന്നു പറഞ്ഞു. ഇങ്ങനെ അവന്റെ അപ്പൻ അവനെക്കുറിച്ചു കരഞ്ഞുകൊണ്ടിരുന്നു.''(ഉത്പ 37.31-35).

പ്രിയരെ ഈ ലേഖനം പരിശുദ്ധാത്മാവു തന്ന ആലോചനയുടെ അടിസ്ഥാനത്തിലാണ് എഴുതുന്നത്. ഈ പ്രതിപാദിച്ച സ്വാഭാവങ്ങൾക്ക് നാം ഉടമകളാണെങ്കിൽ, നമ്മുടെ അറിവില്ലായ്മകൊണ്ടു ചെയ്തു പോയിട്ടുണ്ടെങ്കിൽ അഥവാ ഇപ്പോഴും നാം ചെയ്തുകൊണ്ടിരിക്കുന്നവരാണെങ്കിൽ ആ ശാപത്തിന്റെ മേഘം നിങ്ങളുടെ മേൽ വന്നു ഭവിക്കും. അല്പ ലാഭത്തിനുവേണ്ടിയും താൽക്കാലിക ലാഭത്തിനു വേണ്ടിയും, താൽക്കാലിക സ്ഥാനത്തിനുവേണ്ടിയും നിങ്ങൾ സ്വരൂപിക്കുന്നത് നിങ്ങളുടെ മധ്യായുസ്സിൽ നഷ്ടപ്പെട്ടു പോകും. നിങ്ങളുടെ ആയുസ്സു പോലും നഷ്ടപ്പെടുകയും അതല്ലെങ്കിൽ നിങ്ങൾ ചെയ്തതിന്റെ ഫലം നിങ്ങളുടെ മക്കൾ അനുഭവിക്കുന്നതു കണ്ട് ദു:ഖത്തോടെ നിങ്ങൾക്കു പൊടിയിലേക്കു ചേരേണ്ടി വരും.

എന്താണ് പാപക്ഷമ

തെരേസാ ജോൺ

ദൈവം വിശുദ്ധനും നീതിമാനുമാകയാൽ അവിടുന്ന് പാപികളെ ശിക്ഷിച്ചേ മതിയാവൂ. എന്നാൽ സ്നേഹനിധിയായ ദൈവം നമ്മുടെ പാപങ്ങൾക്കു ക്ഷമ ലഭിക്കുവാനുള്ള ഒരു മാർഗ്ഗം അവിടുന്ന് ആവിഷ്കരിച്ചു. ലോകത്തെ സൃഷ്ടിക്കുവാൻ ദൈവത്തിന് ഒരു വാക്കു കല്പിക്കേണ്ട ആവശ്യമേ ഉണ്ടായുള്ളൂ. അതു മൂലം ലോകം ഉടൻതന്നെ സൃഷ്ടിക്കപ്പെട്ടു. എന്നാൽ ഒരു വാക്ക് കല്പിച്ച് പാപങ്ങൾക്ക് ക്ഷമ നൽകുവാൻ അവിടുന്നു തീരുമാനിച്ചില്ല. അതിനായി ദൈവം നമ്മെപ്പോലെ മനുഷ്യനായിത്തീർന്നു.

പാപത്തിനുള്ള ശിക്ഷ നിത്യമരണം അതായത് എന്നെന്നേക്കുമായി ദൈവത്തിൽനിന്ന് അകറ്റപ്പെടുകയായിരുന്നു. എല്ലാ ജീവന്റെയും ഉത്ഭവസ്ഥാനമായ ദൈവത്തിൽനിന്ന് വേർപെടുന്നതാണ് ആത്മീയമരണം. ''നമ്മുടെ നീതിപ്രവൃത്തികൾ ദൈവത്തിന്റെ ദൃഷ്ടിയിൽ കറപുരണ്ട കീറത്തുണികൾ പോലെയാണ് '' (യെശ.64.6)

ദൈവം തന്റെ മഹാസ്നേഹത്തിൽ നമ്മുടെ പാപങ്ങൾക്കു ക്ഷമ ലഭിക്കുവാനുള്ള ഒരു മാർഗ്ഗം ഒരുക്കിയിരിക്കുന്നു. നമ്മുടെ മാനുഷബുദ്ധിക്കുതന്നെ പൂർണ്ണമായി ഗ്രഹിപ്പാൻ കഴിയാത്ത വിധം അത്ര അപ്രമേയനാണ് ദൈവം.

പാപികൾക്ക് നിത്യശിക്ഷാവിധിയാണല്ലോ നരകം. ദൈവം സന്നിഹീതനല്ലാത്ത ഒരു സ്ഥലമാണവിടം. നരകത്തിൽ പാപികൾ അനുഭവിക്കുന്ന യാതന അസഹ്യമായിരിക്കുന്നതിന്റെ കാരണവും ദൈവത്തിന്റെ അസാന്നിദ്ധ്യമാണ്.

ഈ ലോകത്തെ ന്യായം വിധിക്കുവാനും നീതിയോടും സമാധാനത്തോടും കൂടെ ലോകത്തെ ഭരിക്കുവാനുമായി ഒരു ദിവസം താൻ മടങ്ങിവരുമെന്ന് സ്വർഗ്ഗാരോഹണത്തിനുമുമ്പായി അവിടുന്ന വാഗ്ദാനം ചെയ്തു. ഭൂമിയിലേക്കുള്ള തന്റെ മടങ്ങിവരവിനുമുമ്പ് സംഭവിക്കുന്ന ചില അടയാളങ്ങൾ അവിടുന്ന് നമുക്ക് നൽകിയിട്ടുണ്ട്. ആ അടയാളങ്ങൾ ഇപ്പോൾ നിറവേറേണ്ടിക്കൊണ്ടിരിക്കുന്നതായി നാം കാണുന്നതിനാൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് വളരെ സമീപസ്ഥമാണെന്ന് നാം അറിയുന്നു. അവിടുന്ന് ഭൂമിയിലേക്ക് മടങ്ങിവരുന്നതിന് മുമ്പായി ക്രിസ്തുവിൽ ദൈവം നമുക്കു നൽകുന്ന പാപക്ഷമ നമ്മൾ സ്വീകരിക്കേണ്ടത് സുപ്രധാനകാര്യമാണ്.





www.townhomesindia.com

Signature
LUXURY APARTMENTS

A PLACE WORTH LIVING

WATER FRONT LUXURY SKY-VILLA APARTMENTS NEAR INTERNATIONAL AIRPORT KOCHI, ANGAMALY

•Centralized AC / Water Heater option •Biometric Entry •Swimming Pool •Fitness Center •Health Club •Club House •Café
•Conference Center •Auditorium, Clinic •Party Areas •Jogging Track •Kids play area •Power backup •Earthquake Resistant Construction, etc..

Premium Apartments
near Sea Port Air Port road, Aluva

ONLY 5 KM FROM INTERNATIONAL AIRPORT

Contact: US +1 (972) 505 2747 IND +91 9895 977772

Dream
PREMIUM APARTMENTS

TOWNHOMES
VILLAS & APARTMENTS PVT. LTD.

Move-in with us

Door No. VIII/1561, 4th Floor, Royal Plaza, Bridge Road, Aluva - 683 101. Ph: +91 484 4015005. E-mail: sales@townhomesindia.com

Edited, Printed and Published owned by LCCI Inc. PO Box-52120, Philadelphia, PA 19115 USA. Ph: 215 882 2385, 215 544 1233, 215 275 9688. Chief in Operations: Varghese Mathew. Editorial DIrector. Dr. Shiny Mathew. E-mail.

online issue:**www.ustribuneonline.org**

Design : US TRibune +919747930338